പുസ്തകം ൬. ലക്കം ൯.

# സഹൃദയ

## ബക്രീദ്

### (ഹജ്ജ് പെരുനാൾ)

---

(മൗലവി എ. മുഹമ്മദ് യൂസുഫ് തങ്ങൾ അഫ്സലുൽ ഉലമാ)

പരിശുദ്ധവും പുരാതനവുമായ 'മക്കാ' നഗരത്തിൽ 'ഹജ്ജ്' എന്ന പുണ്യകർമ്മം നടക്കുന്ന ദിവസങ്ങളിൽ ഒന്നായ 'സുൽഹജ്ജ്'മാസം 10-ാംതീയതി ലോകമൊട്ടുക്കുള്ള മുസ്ലിംകൾ ഒരു സുദിനമായിക്കൊണ്ടാടുന്നു. ഈ ദിവസത്തിൻെറ ശരിയായപേരു് 'ഈദുൽഅസ്ഹാ' (ബലികഴിക്കേണ്ട പെരുനാൾ) എന്നാണു്. വടക്കേ ഇൻഡ്യയിൽ ഇതിനു് 'ബക്രീദ്' എന്നു് പറയാറുണ്ടു്. ധനസ്ഥിതി അനുകൂലമായിരിക്കുന്ന ഓരോ മുസ്ലിമും സുൽഹജ്ജ് പത്താം തീയതിയോ അടുത്ത മൂന്നുദിവസങ്ങളിലൊന്നിലോ ഒരു് ആടു് ഖുർബാൻ 'ബലി) കൊടുക്കേണ്ടതാണു്. ഏഴുപേർ ചേൎന്നു് ഒരു മാടോ, ഒരു ഒട്ടകമോ ഖുർബാൻ കൊടുത്താലും മതിയാകും. ഇങ്ങനെ ഈ പെരുനാളിൽ ഖുർബാൻ കൊടുക്കുന്നതുകൊണ്ടാണു് ഇതിനു ബക്രീദ് (ബക്രാ ഈദ്) എന്നു പേരു പറയുന്നതു്. 'ബക്രാ' എന്നാൽ ആടു് എന്നും, 'ഈദ്' എന്ന പദത്തിനു പെരുനാൾ എന്നുമാണു് അൎത്ഥം. ആട്ടിനെ ബലികൊടുക്കുന്ന പെരുനാൾ എന്ന അൎത്ഥത്തിലായിരിക്കണം ബക്രീദ് എന്ന പദത്തെ അവർ ഉപയോഗിക്കുന്നതു്. ഇനി 'ബഖറാ' എന്നാൽ പശു എന്നൎത്ഥമുണ്ടു്. അപ്പോൾ പശുവിനെ ബലികൊടുക്കുന്ന പെരുനാൾ എന്നുമാവാം.

ഹജ്ജ് എന്ന പുണ്യയാത്ര ഇസ്ലാം മതത്തിലെ അഞ്ചു കടമകളിൽ അഞ്ചാമത്തേതാണു്. ഏകദൈവത്തിലും ദൈവദൂതനിലും ഉള്ള വിശ്വാസം, നിത്യനമസ്കാരം, റംസാൻ വ്രതം, നൂററിനു രണ്ടരവീതമുള്ള ദാനം എന്നീ നാലു കടമകളും കഴിഞ്ഞാൽ അഞ്ചാമത്തേതാണു് ഹജ്ജ്. മക്കാ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന 'കാബാ' എന്ന പുരാതന ദേവാലയത്തെ സന്ദൎശിച്ചു്, അവിടെ നടത്തുന്ന ചില കൎമ്മങ്ങൾക്കാണു് ഹജ്ജ് എന്നു പറയുന്നതു്. ധനവും ആരോഗ്യവും മററുസൗകൎയ്യങ്ങളുമുള്ള ഓരോ മുസ്ലിമും തൻെറ

ജീവിതകാലത്തിൽ ഒരിക്കൽ ഹജ്ജ് ചെയ്യാൻ ഇസ്‌ലാം മതം നിർബന്ധിക്കുന്നു.

### മക്കാപട്ടണം.

അറേബിയാ ഉപദ്വീപിൽ ഹിജാസ് പ്രദേശത്തിലേ പ്രധാനപട്ടണങ്ങളിൽ ഒന്നാണ് 'മക്കാ'. ചെങ്കടൽ തീരത്തുള്ള 'ജിദ്ദാ' തുറമുഖത്തു നിന്നു 50 മൈൽ കിഴക്കു ചുററും മലകളാൽ ആവൃതമായി ഈ നഗരം സ്ഥിതിചെയ്യുന്നു. പട്ടണത്തിന്ന് ഏകദേശം മൂന്നു മൈൽ നീളവും രണ്ടു മൈൽ വീതിയും ഉണ്ട്. ജനസംഖ്യ മുക്കാൽ ലക്ഷത്തിൽ കുറവില്ല. ഹജ്ജ് കാലത്തു അതു് ഒന്നരലക്ഷമായി വർദ്ധിക്കുന്നു. ('സുഊദീ' ഗവമ്മെൻറിൻെറ കണക്കനുസരിച്ച് 1935-ൽ മക്കായിൽ വന്നെത്തിയ ഹാജികളുടെ സംഖ്യ 60,000 ആണ്). ഹജ്ജ്കാലത്തു ചിലപ്പോൾ ഇടങ്ങഴി വെള്ളത്തിന്നു നാലുചക്രംവരെ വില കൊടുത്തു വാങ്ങേണ്ടിയിരുന്ന ഈ സ്ഥലത്തു് ഇപ്പോൾ ജലദൗർലഭ്യം നിശ്ശേഷം ഇല്ല. മക്കായിൽ നിന്ന് 60 മൈൽ അകലെയായി "തായിഫ്" എന്നസ്ഥലത്തുള്ള ഒരു മലഞ്ചരിവിൽ നിന്നും തോട്ടമാർഗ്ഗം പട്ടണത്തിന്നു സമീപം വരെ വെള്ളം കൊണ്ടുവന്നിട്ട്, അവിടെ നിന്നും കുഴൽവഴി ടൗണിൽ വിതരണംചെയ്യപ്പെടുന്നു. ഖലീഫാ ഹാറൂൻ റഷീദിൻെറ ഭാര്യ "സുബൈദാ" ആണ് ഈ തോടു വെട്ടിച്ചതു്. അവരുടെ സ്മാരകമായി ഈ തോട്ടിനെ "നഹ്ദസുബൈദാ" (സുബൈദാത്തോട്) എന്നാണ് വിളിക്കുന്നതു്. വിവിധദേശങ്ങളിൽ നിന്നു ചെല്ലുന്ന ഏതൊരാൾക്കും പററിയ തരത്തിലുള്ള സസ്യങ്ങളും മററ് ആഹാരസാധനങ്ങളും മക്കായിൽ സുലഭമാണ്. വാഹനങ്ങളുടെ അസൗകര്യമോ കൊള്ളക്കാരുടെ ശല്യമോ ഇപ്പോൾ അവിടെ ഇല്ലതന്നെ. മക്കാ, മദീനാ മുതലായ പട്ടണങ്ങൾ ഉൾപ്പെട്ടിരിക്കുന്ന 'ഹിജാസ്' പ്രദേശം ഇപ്പോൾ 'സുഊദീ അറബിയാ'യിലെ രാജാവായ സുൽത്താൻ "ഇബ്ൻസുഊദി"ൻെറ ഭരണത്തിലാണ്.

### ഹറം ഷരീഫ്.

മക്കാനഗരത്തിൻെറ മദ്ധ്യത്തിലായി പ്രാത്ഥനയ്ക്കായുള്ള ഒരു പരിശുദ്ധസ്ഥലം ഉണ്ട്. അതിന്നു "ഹറം" എന്നാണ് പേരു്. അതിൻെറ മദ്ധ്യത്തിലാണ് കാബാ സ്ഥിതിചെയ്യുന്നതു്. ഹറമിന്നു ഏകദേശം അരമൈൽ ചുററളവുണ്ട്. ഇതിൻെറ ചുററും പ്രാകാരവും അകത്തു പ്രവേശിക്കാൻ ഇരുപതിലധികം വാതിലുകളും കാണാം. പ്രാകാരത്തിൻെറ അകവശത്തോടു ചേർന്നു ചുററുപാടും കാണപ്പെടുന്ന വിശ്രമാലയം ആർച്ചുകളാലും, മാർബിൾ തൂണുകളാലും അലംകൃതമായിരിക്കുന്നു. ഹറമിൻെറ ഉൾഭാഗം മുഴുവൻ ഒരു കൽത്തളമാണ്. ഇതിൽ കാബായോടടുത്തു ചുററുപാടും മാർബിൾ ആണ് നിരത്തിയിരിക്കുന്നതു്.

### കാബാ മുകർറം.

"കാബാ" എന്ന പരിശുദ്ധാലയം ഹറമിൻെറ മദ്ധ്യത്തിലായിട്ടാണ് സ്ഥിതിചെയ്യുന്നതെന്നു മുമ്പു പറഞ്ഞുവല്ലൊ. ഈ ആലയം കരിങ്കൽ കൊണ്ടു കെട്ടീട്ടുള്ളതും ചുവരിൻെറ അകവശം ഖുറാൻ പദ്യങ്ങൾ കൊത്തീട്ടുള്ള മാർബിൾ കൊണ്ടുപൊതിഞ്ഞിട്ടുള്ളതും ആണ്. ഇതിൻെറ നീളം 42 അടിയും, വീതി 33 അടിയും, പൊക്കം 48 അടിയുമാണ്. ഇതി

ന്റെ നാലു മൂലയും കിഴക്കു, പടിഞ്ഞാറു മുതലായ നാലു ദിക്കുകളെ നോക്കിയാണ് നില്ക്കുന്നതു്. കിഴക്കേ മൂലയിൽ ഏകദേശം മുക്കാൽ അടി സമചതുരത്തിലുള്ള ഒരു കറുത്ത കല്ലു വെളിയിൽ ചേർത്തുകെട്ടീട്ടുണ്ടു്. ആലയത്തെ പ്രദക്ഷിണം വെക്കുമ്പോൾ തുടങ്ങേണ്ടതു് ഈ കല്ലിൽ നിന്നാണ്. എത്ര പ്രദക്ഷിണം ആയി എന്നു് എണ്ണുന്നതിനും ഈ കല്ലു സഹായിക്കുന്നു. കാബായുടെ ഉള്ളിൽ കടന്നാൽ അവിടെ നാലു വെളുത്ത ചുവരും, മൂന്നു ചന്ദനത്തൂണുകളും അല്ലാതെ വേറെ ഒന്നും തന്നെ കാണാൻ ഉണ്ടായിരിക്കയില്ല.

ഈ ആലയത്തിന്റെ ആദ്യ നിർമ്മാതാവു് ആദം നബി (ആദാം) ആണെന്നും, നൂഹ് നബി (നോഹാ)യുടെ കാലത്തുണ്ടായ പ്രളയത്തിൽ അതു നശിച്ചുപോയി, അടിസ്ഥാനം മാത്രം ശേഷിച്ചിരുന്നു എന്നും പറയപ്പെടുന്നു. 5000 വർഷം മുമ്പു ഇബ്രാഹീം നബിയും (ഏബ്രഹാം) പുത്രൻ ഇസ്മയിൽ നബിയും (ഇസ്മവേൽ) കൂടി കാബാ പുനരുദ്ധരിച്ചു എന്നുള്ളതു ചരിത്ര പ്രസിദ്ധമാണ്. എന്നാൽ ഈ ദേവാലയം ഇബ്രാഹീംനബി പണിതതിനു ശേഷം നാളതുവരെ ഒൻപതു പ്രാവശ്യം പുതുക്കേണ്ടതായി വന്നിട്ടുണ്ടു്. ഒടുവിൽ അററകുററം തീർത്തു പുതുക്കിയതു് തുർക്കിസുൽത്താൻ 'മുറാദ്' നാലാമനാണ്. ഇതു ഹിജ്റാബ്ദം 1032-ൽ ആയിരുന്നു.

കാബാ, മുസ്ലിം ജനതയെ ഒരേ ലക്ഷ്യത്തിലേയ്ക്കു തിരിക്കുന്ന ഒരു ആകർഷണശക്തിയോടുകൂടി നിലകൊള്ളുന്നു. ഭൂമുഖത്തുള്ള എഴുപതുകോടി മുസ്ലിംകളും ദിവസം അഞ്ചു പ്രാവശ്യം കാബായുടെ നേരേ തിരിഞ്ഞു പ്രാർത്ഥിക്കയും അതിനെ സ്മരിക്കുകയും ചെയ്യുന്നു. എന്നാൽ അവർ കാബായെയോ അതിൽ വെച്ചുകെട്ടിയിരിക്കുന്ന കറുത്ത കല്ലിനെയോ ആരാധിക്കുന്നില്ല. ദൈവത്തെ മാത്രമാണ് അവർ ആരാധിക്കുന്നതു്. ദൈവത്തിന്റെ ആലയമാകുന്ന കാബായെ ദൈവത്തോടുള്ള ഭക്തി നിമിത്തം പ്രദക്ഷിണം വയ്ക്കുകയും അതിന്നഭിമുഖമായി നിന്നു നമസ്കാരം നടത്തുകയും ചെയ്യുന്നു.

### “സംസം” കിണറു

കാബായുടെ കിഴക്കേഭാഗത്തു് ഏകദേശം 35 ഗജം അകലെയായിട്ടാണ് പ്രസിദ്ധമായ “സംസം” എന്ന കിണറു സ്ഥിതിചെയ്യുന്നതു്. ഇബ്രാഹീംനബി പണിത കാബാ ആലയത്തിനെന്നോണം ഈ തീർത്ഥത്തിനും അയ്യായിരം വർഷത്തെ പഴക്കമുണ്ടു്. ഇബ്രാഹീംനബി തന്റെ ഭാര്യയായ ഹാജറാ (ഹാഗർ)യെയും ശിശുവായിരുന്ന ഇസ്മായിൽ നബിയെയും “ഫാറാൻ” (അറേബിയാ) പ്രദേശത്തു കൊണ്ടുവന്നു ദൈവത്തെ ഭരമേൽപ്പിച്ചിട്ടുപോയി. കുടിക്കാൻ വെള്ളമില്ലാത്ത ആ മണൽക്കാട്ടിൽ അകപ്പെട്ട 'ഹാജറാ' ദാഹിച്ചു കരഞ്ഞുകൊണ്ടിരുന്ന ശിശുവിനെ ഒരിടത്തു കിടത്തീട്ടു വെള്ളം അന്വേഷിച്ചു ഓടിനടക്കുമ്പോൾ, “ശിശുവിന്റെ അടുത്തു വെള്ളമുണ്ടു്, അങ്ങോട്ടു പോകുക” എന്നൊരു അശരീരി കേട്ടു് ഹാജറാ മടങ്ങി ശിശുവിന്റെ അടുത്തു വന്നപ്പോൾ കുഞ്ഞു കാലുകൊണ്ടടിച്ച സ്ഥലത്തു ഒരു ഉറവുകണ്ടു. ആ വെള്ളം ഉപയോഗിച്ചുകൊണ്ടു് ശിശുവും മാതാവും അനന്തരകാലങ്ങളിൽ അവിടെത്തന്നെ പാർത്തു. നീരുറവുള്ള ഈ പ്രദേശം

മററു പലരെയും ആകഷിക്കയും അങ്ങനെ അതൊരു ജനവാസമുള്ള പ്രദേശമായിത്തീരുകയും ചെയ്തു. ഈ ഉറവിൻെറ സ്ഥാനത്താണ് പരിശുദ്ധ നബിയുടെ പിതാമഹനായ "അബ്ദുൽ മുത്തലിബ്" സംസം കിണറു കുഴിപ്പിച്ചതു്. "ഹാജി"കഠം ഈ തീത്ഥം പാനം ചെയ്യുകയും സ്വദേശങ്ങളിൽ കൊണ്ടുപോയി ബന്ധുമിത്രാദികഠംക്കു കൊടുക്കുകയും ചെയ്യുന്നു.

ഹജ്ജിൻെറ പ്രധാനകമ്മങ്ങഠം

ഹജ്ജുമാസം ഒൻപതാം-തിയതി പകൽ "ഹാജികഠം" (ഹജ്ജിന്നു പോയവർ) "അറഫാ"മല*യിൽ പാക്കുക, "മുസ്ദലിഫാ" † എന്ന പ്രദേശത്തു ഒരു രാത്രി താമസിക്കുക, ഹജ്ജു കാലത്തെ മററു രാത്രികളിൽ "മിനാ"‡യിൽ ആയിരിക്കുക, ചെറുകല്ലുകഠംകൊണ്ടു് എറിയാൻ വിധിച്ചിട്ടുള്ള സ്ഥലങ്ങളിൽ എറിയുക, കാബായെ പ്രദക്ഷിണം വെക്കുക, സഫാ, മർവാ § എന്ന ചെറുകുന്നുകഠംക്കിടയിൽ ഏഴു പ്രാവശ്യം ഓട്ടുക, ഒടുവിലായി ക്ഷൗരകമ്മം നിവ്ഹിക്കുക ഇത്യാദി ഹജ്ജിൻെറ പ്രധാന കമ്മങ്ങളാണ്. ഹജ്ജുകാലത്തു് മക്കായിലേ രാജാവും കുടുംബാംഗങ്ങളും കൂടി കാബാ പ്രക്ഷാളനം ചെയ്യുകയും, ഈജിപ്തിൽ നിന്നു സാഘോഷം കൊണ്ടുവരപ്പെടുന്ന വിലയേറിയതും അതിമനോഹരവുമായ ഒരു മൂടപടം കൊണ്ടു് ആലയത്തെ പൊതിയുകയും ചെയ്യുന്നതു് കുറെക്കാലമായി നടന്നുവരുന്ന ഒരു ആചാരമാണ്.

"ഇഹ്റാം"

ഹജ്ജിൻെറ പ്രധാനകമ്മങ്ങളിൽപ്പെട്ട വേറൊരു സംഗതികൂടി പറയാനുണ്ടു്. അതു് ഇഹ്റാം അചരിക്കുക എന്നുള്ളതാണ്. ഹജ്ജിനു പോകാൻ നിശ്ചയിച്ച ഒരാഠം ചില പ്രത്യേകാചാരങ്ങഠം അനുഷ്ഠിക്കുന്നതാണ് 'ഇഹ്റാം'. ഇഹ്റാം ആചരിക്കുന്ന ഒരാഠം തയ്യൽ ഇല്ലാത്തതും വെളുത്തതും ആയ രണ്ടു മുണ്ടുകഠം മാത്രമേ വസ്ത്രമായി ഉപയോഗിക്കാവു. ഒന്നു് ഉടുക്കാനും മറെറാന്നു പുതയ്ക്കാനുമായിട്ടാണ്. എന്നാൽ തല തുറന്നു തന്നെയിരിക്കണം. സ്ത്രീകളാണെങ്കിൽ തല മറയ്ക്കണം. അവർ മുഖം മൂടരുതു്. സ്ത്രീപുരുഷന്മാക്കു പാദങ്ങളുടെ മേൽ ഭാഗം അധികം മറയ്ക്കാത്ത തരത്തിലുള്ള പാദരക്ഷ ഉപയോഗിക്കാം. ഇഹ്റാം ആചരിക്കുന്നവർ വാസനദ്രവ്യങ്ങഠം പൂശുകയോ, ക്ഷൗരം ചെയ്യുകയോ, നഖം മുറിക്കുകയോ അരുതു്. ബ്രഹ്മചയ്യം പരിപാലിക്കണം. പേൻ, ഈരു മുതലായ ചെറു പ്രാണികളെപ്പോലും കൊല്ലരുതു്. ഹജ്ജിൻെറ കമ്മങ്ങഠം തീന്നു് ഒടുവിലായി ക്ഷൗരം ചെയ്തുകൊള്ളുന്നതോടുകൂടി ഹാജി ഇഹ്റാമിൽ നിന്നു് ഒഴിയ

* ഈ കുന്നിൻ പ്രദേശം മക്കായുടെ കിഴക്കു് പതിനാറു മൈൽ അകലെയായി സ്ഥിതിചെയ്യുന്നു. സമുദ്രനിരപ്പിൽനിന്നു് അയ്യായിരം അടി പൊക്കമുള്ള ഈ മലയുടെ മേൽപ്പരപ്പിൽ ലക്ഷക്കണക്കിനു ഹാജികഠംക്കു് ഒതുങ്ങിക്കൊള്ളാൻ ഇടയുണ്ടു്.

† മക്കാപട്ടണത്തിനു് എട്ടുമൈൽ കിഴക്കുള്ള ഒരു ഒഴിഞ്ഞ പ്രദേശം.

‡ മക്കാപട്ടണത്തിനു തെക്കുകിഴക്കായി നാലുമൈൽ അകലെ സ്ഥിതിചെയ്യുന്ന ഒരു നഗരം.

§ ഈ കുന്നുകഠം മക്കാപട്ടണത്തിൻെറ ഉള്ളിൽ തന്നെ സ്ഥിതിചെയ്യുന്നു.

ന്നു. സ്ത്രീകൾ അവരുടെ തലമുടി മുഴുവൻ കളയണമെന്നില്ല. അവർ ശിഖയിൽ നിന്നു കുറച്ചുമാത്രം വെട്ടിക്കളഞ്ഞാൽ മതിയാകും. ഹജ്ജുകാലത്തിനു രണ്ടു മാസം മുമ്പു മുതൽ ഇഹ്റാം ആചരിച്ചു തുടങ്ങാം. എന്നാൽ ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നു വരുന്ന ഹാജികൾ ഇഹ്റാം ആചരിച്ചു തുടങ്ങാനുള്ള സ്ഥലം പ്രത്യേകം പ്രത്യേകം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവിടെ എത്തിയാൽ ഇഹ്റാം ആചരിക്കാതെ അവക്ക് യാത്ര തുടരാൻ പാടില്ല.

ഇസ്ലാം മതാനുഷ്ഠാനങ്ങളിൽപ്പെട്ട നമസ്കാരം, വ്രതം, ഹജ്ജ എന്നീ മൂന്നു കമ്മങ്ങളും മൂന്നു തോതിലായിട്ടാണ് ഏപ്പെട്ടത്തിയിരിക്കുന്നത്. നമസ്കാരത്തിൻെറ ഘടന, ആന്തരവും ബാഹ്യവുമായ അനുഷ്ഠാനങ്ങൾ കൂട്ടിച്ചേത്തിട്ടുള്ളതാണ്. വ്രതത്തിൽ പ്രത്യക്ഷത്തിൽ കാണത്തക്ക യാതൊന്നും ഇല്ല. ഹജ്ജാണെങ്കിൽ അതിൻെറ എല്ലാ കമ്മങ്ങളും ബാഹ്യപ്രകടനങ്ങളാണ്. ക്ലേശങ്ങളനുഭവിച്ച് യാത്ര ചെയ്യുകയും ഇഹ്റാം അനുഷ്ഠിക്കയും ചെയ്യുക, ദൈവത്തിൻെറ സ്നേഹം സമ്പാദിക്കാനായി ദേവാലയത്തെ ചുററിത്തിരിയുക, ഉദ്ദേശസാദ്ധ്യത്തിനായി ദൈവസന്നിധിയിൽ ഓടി അലഞ്ഞു ക്ലേശിക്കുക, മനുഷ്യനെ അപകടത്തിലാക്കുന്ന "ഷൈത്താനെ" (പിശാചിനെ) കല്ലെറിഞ്ഞു് ഓട്ടിക്കുക, വേഷം കൊണ്ടു സമത്വം വെളിപ്പെടുത്തുക, തൻെറ സ്വത്തായ ഒരു ജന്തുവിനെ ദൈവത്തിനായിക്കൊണ്ടു് ബഹുജനസമക്ഷം ബലികഴിക്കുക, പ്രയത്നങ്ങൾ സഫലമായി എന്ന ഭാവത്തിൽ ശിഖയും നഖവും കളഞ്ഞു ഇഷ്ടമുള്ള വസ്ത്രം ധരിക്കുക ഇത്യാദി ബാഹ്യപ്രകടനങ്ങൾ ആണല്ലോ. ആന്തരമായ അനുഷ്ഠാനം കൊണ്ടു് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കയും, ബാഹ്യമായ പ്രകടനങ്ങൾകൊണ്ടു് ആന്തരമായ ഒരു സംസ്കാരം ഉണ്ടാക്കുകയും ചെയ്യുന്നതാണു് വ്രതത്തിൻെറയും ഹജ്ജിൻെറയും രണ്ടു പ്രധാന ഫലങ്ങൾ.

## മദീനായും റൗസായും

മക്കായിലെ ഹജ്ജുകമ്മം കഴിഞ്ഞാൽ ഹാജികൾ മദീനയിൽ പോയി "റൗസാ" (പരിശുദ്ധനബിയുടെ അന്തിമശയനസ്ഥലം) സന്ദശിക്കുന്നു. മദീനാപട്ടണം മക്കായിൽ നിന്നു് ഏകദേശം 400-മൈൽ വടക്ക് ചെറുകുന്നുകളുടെ താഴ്വരയിലായി സ്ഥിതിചെയ്യുന്നു. ഇസ്ലാം സാമ്രാജ്യത്തിൻെറ തലസ്ഥാനമായിരുന്ന ഈ പട്ടണം കീത്തിപ്പെട്ട ഒന്നാണു്. 'ഹിജാസ്റയിൽവേ' മദീനയിൽ ഉണ്ടായിരുന്ന കാലത്തു് അതു് ഒരു കച്ചവടകേന്ദ്രംകൂടി ആയിരിക്കുകയും, വിദേശീയരായ കുടിപാർപ്പുകാരെ കൂടുതൽ ആകഷിക്കയും ചെയ്തിരുന്നു. കാട്ടാളന്മാരായ ഒട്ടകക്കാരാലും മററും റയിൽവേ നശിപ്പിക്കപ്പെട്ടു പോയതിൽ പിന്നീടു് അവിടെ വിദേശികളുടെ താമസവും, കച്ചവടവും കുറഞ്ഞു പോയിട്ടുണ്ടു്. "മസ്ജിദുന്നബി" (നബി തിരുമേനിയുടെ പള്ളി)യോടു ചേന്നാണു് റൗസാ സ്ഥിതിചെയ്യുന്നതു്. 13 നൂററാണ്ടത്തെ പഴക്കമുള്ള സുപ്രസിദ്ധമായ ഈ പള്ളിക്ക് പല പരിവത്തനങ്ങളും ഉണ്ടായിട്ടുണ്ടു്. ഇപ്പോൾ അതിമനോഹരമായി നിലകൊള്ളുന്ന 'മസ്ജിദ്' ൻെറ നിമ്മാതാവ് തുക്കിസുൽത്താൻ "അബ്ദുൽമജീദ്ഖാൻ" ആണു്. ഒരേസമയ

ത്തു 25000 ആളുകൾ നിന്നു പ്രാർത്ഥിക്കാനുള്ള വിശാലത ഈ പള്ളിക്കുണ്ട്. പൊൻമേറിയ കരിങ്കൽ തൂണുകൾ പിച്ചളയിൽ വാർത്ത കട്ടികളിന്മേൽ നിരന്നു നില്ക്കുന്നതു് മനോഹരമായ ഒരു കാഴ്ചയാണ്. 8000 ഉറുപ്പികയോളം വിലപിടിക്കുന്ന ഇത്തരം 260 തൂണുകൾ ഈ പള്ളിക്കകത്തുണ്ട്. ഏഴുകോടിരൂപാ ചെലവുചെയ്തു ഉറപ്പും ഭംഗിയും കൂട്ടിയിണക്കി നിർമ്മിച്ചിരിക്കുന്ന ഈ പള്ളി, പരിശുദ്ധ നബിയുടെ റൗസായെ ഉൾക്കൊള്ളാൻ യോഗ്യത ഉള്ളതുതന്നെ.

ഇന്ത്യയിൽ നിന്നു പോകുന്ന ഒരാൾ ഹജ്ജും സിയാറത്തും (റൗസാ സന്ദർശനം) കഴിച്ചു മടങ്ങി എത്താനുള്ള ചെലവ് സുഊദി ഗവമ്മെൻറിൻെറ ഇയ്യിടെയുള്ള കണക്കനുസരിച്ചു താഴെക്കാണും പ്രകാരമാണ്.

| | | |
|---|---|---|
| ഒന്നാം ക്ലാസ് യാത്രക്കാരനു | | രൂപ 1684 |
| രണ്ടാം | ,, | ,, 1142 |
| മൂന്നാം | ,, | ,, 540 |

ഇതു തുല്യമായ ഒരു കണക്കാണ്. എന്നാൽ ഇന്ത്യയിൽ നിന്നുപോകുന്ന ഒരു മൂന്നാം ക്ലാസ് യാത്രക്കാരൻെറ പക്കൽ എഴുന്നൂററി അൻപതു രൂപായിൽ കുറയാതെ ഉണ്ടായിരുന്നില്ലെങ്കിൽ അയാൾ വിഷമിക്കേണ്ടിവരും.

ഖുർബാൻ (ബലി)

മക്കായിൽ ഹജ്ജ് നടക്കുന്ന ദിവസങ്ങളിൽ ഒന്നായ ഹജ്ജ്മാസം പത്താം തീയതിയാണ് ഭൂലോകത്തിൻെറ എല്ലാ ഭാഗത്തുമുള്ള മുസ്ലിംകൾ പെരുനാൾ ആഘോഷിക്കുന്നതും 'ഖുർബാൻ (ബലി) കൊടുക്കുന്നതും എന്നു് മുമ്പു പറഞ്ഞുവല്ലോ. ഖുർബാനെപ്പററി അല്പമൊന്നു വിശദീകരിച്ചുകൊള്ളട്ടെ. പണ്ടത്തെ ജനങ്ങൾ ഈശ്വരകോപത്തിനു പരിഹാരമായി ജന്തുബലി നടത്തിവന്നിരുന്നു. അതു ക്രമേണ നരബലിയായി പരിണമിക്കയും, തന്നിമിത്തം ഇന്ത്യാ, ചൈനാ ഈജിപ്ത്, സിറിയാ എന്നിവിടങ്ങളിൽ ഒട്ടുവളരെ മാനുഷശിരസ്സുകൾ ഛേദിക്കപ്പെട്ടുപോകയും ചെയ്തിട്ടുണ്ട്. ഈ ദുരിതം അതിൻെറ മൂർദ്ധന്യതയെ പ്രാപിച്ചിരുന്ന കാലത്താണ് "ഇബ്രാഹിം നബി" തൻെറ പുത്രൻ ഇസ്മയിൽ നബിയെ ബലികൊടുക്കണമെന്നു സ്വപ്നം കാണുകയും, അതനുസരിച്ച് അദ്ദേഹം പുത്രനെ "മീനാ"യിലേ പാറപ്പുറത്തിൽ കിടത്തി ഖുർബാൻ കൊടുക്കുകയും ചെയ്തതു. സ്വന്തം കണ്ണുകെട്ടിക്കൊണ്ട് സ്വപുത്രൻെറ കണ്ഠച്ഛേദം ചെയ്ത നബി കെട്ടഴിച്ചു നോക്കിയപ്പോൾ പുത്രൻ സജീവനായി നിൽക്കുന്നതായും. പാറപ്പുറത്ത് ഒരു ആടു് ഖുർബാൻ ചെയ്യപ്പെട്ടു കിടക്കുന്നതായുമാണു കണ്ടതു്. ഇങ്ങനെ കാരുണ്യവാനായ ദൈവം തൻെറ ദൂതനായ ഇബ്രാഹിമിൻെറ ഭക്തിയെ പരിശോധിക്കയും, നരബലി അരുതെന്നു് മനുഷ്യരെ പഠിപ്പിക്കയും ചെയ്തു.

ദൈവഭക്തിക്കായി സ്വപുത്രനെ ഖുർബാൻ കൊടുത്ത ഇബ്രാഹീം നബിയുടെ ത്യാഗത്തെ സ്മരിക്കുവാൻ മാത്രമാണ് മുസ്ലിംകൾ ഹജ്ജുകാലത്ത് ഖുർബാൻ കൊടുക്കുന്നതു്. അല്ലാതെ ദൈവകോപത്തെ ശമിപ്പിക്കാനോ ഖുർബാൻെറ മാംസവും രക്തവും ദൈവത്തിങ്കൽ സമർപ്പിക്കാനോ അല്ല. "ഖുർആ"നിൽ ഇതിനെ സംബന്ധിച്ചു പറയുന്നതു് ഇങ്ങ

നെയാണു്:— "ഖുർബാൻെറ മാംസവും രക്തവും ദൈവത്തിനു ലഭിക്കുന്നില്ല. എന്നാൽ അതു കൊടുക്കുന്ന ആളിൻെറ ത്യാഗത്തെ അല്ലാഹു അറിയുന്നു". ഖുർബാൻ കൊണ്ടു് സാധിക്കുന്ന മറെറാരു സംഗതി സാധാരണമാംസാഹാരം കഴിക്കുവാൻ നിവൃത്തിയില്ലാത്ത സാധുക്കൾക്കു് ഹജ്ജ്കാലത്തു അതു വിലകൊടുക്കാതെ സുലഭമായിരിക്കുമെന്നുള്ളതാണു്.

ഒരു വയസ്സുള്ള ആടോ, രണ്ടു വയസ്സായ മാടോ, അഞ്ചുവയസ്സു തികഞ്ഞ ഒട്ടകമോ ആണു് ഖുർബാൻെറ ജന്തുക്കൾ. ഇവ മെലിഞ്ഞതോ, ചെവിയോ വാലോ മുറിക്കപ്പെട്ടതോ, മററു വിധത്തിൽ അംഗവൈകല്യമുള്ളതോ, രോഗം ബാധിച്ചതോ ആയിരിക്കരുതു്. ഖുർബാൻ കൊടുക്കുന്ന ആൾ സ്വന്തം കൈകൊണ്ടുതന്നെ അതു ചെയ്യുന്നതാണു് നല്ലതു്. മാംസത്തിൽ കുറച്ചുമാത്രം ഭക്ഷിക്കാൻ എടുത്തിട്ടു് ബാക്കി ധർമ്മം ചെയ്യണം. ഭക്ഷിക്കാൻ എടുക്കുന്ന ഭാഗം കരൾ ആയിരിക്കുന്നതാണു് നല്ലതു്.

മാംസാഹാരം.

ഖുർബാൻ, ജീവകാരുണ്യത്തിനു വിപരീതമാണെന്നും, മാംസാഹാരം നിഷിദ്ധമാണെന്നും ചിലർ പറയാറുണ്ടു്. ഭക്ഷിക്കുന്നതിനായുള്ള ജന്തുഹിംസയെപ്പററി അല്പമൊന്നു ചിന്തിച്ചു നോക്കുകയാണെങ്കിൽ അതു പ്രകൃതിയിൽ ഈശ്വരൻതന്നെ ഏർപ്പെടുത്തിട്ടുള്ള ഒന്നായി നമുക്കു കാണാവുന്നതാണു്. ഒരു പല്ലിക്കു് ഈച്ചയെ വിഴുങ്ങാനുള്ള സാമർത്ഥ്യവും, ഒരു പൂച്ചയ്ക്കു പല്ലിയെ പിടിക്കാനുള്ള പാടവവും പ്രകൃതിദത്തമാണു്. പിന്നെ മനുഷ്യനു മാംസാഹാരം കൂടാതെ കഴിക്കാമെന്നു് ഒരു ന്യായം പറയാനുണ്ടു്. പക്ഷേ അതു ഭൂലോകത്തിൻെറ എല്ലാ ഭാഗത്തും ഒന്നുപോലെ സാദ്ധ്യമല്ല. മാംസഭക്ഷണം കൂടാതെ ജീവിക്കാൻ നിവൃത്തിയില്ലാത്ത "ഐസ് ലാൻഡു്" പോലെയുള്ള പ്രദേശങ്ങളിൽ കോടിക്കണക്കിനു ജനങ്ങൾ പാർക്കുന്നുണ്ടു്. ഇന്ത്യയിൽതന്നെ ബഹുഭൂരിപക്ഷം ജനങ്ങൾ മാംസം ഭക്ഷിക്കുന്നവരാണു്. എന്നാൽ ഇവിടെ ഇന്നു മാംസാഹാരംകൂടാതെ കഴിയുന്ന ഒരു സംഘം ആളുകൾ ഉണ്ടെന്നുള്ളതു ശരിതന്നെ. ജന്തുബലി ഇവരുടെ ഇടയിൽ അന്നും ഇന്നും ഉണ്ടു്. യാഗത്തിന് അജങ്ങളെയോ, അശ്വങ്ങളെയോ അവർ ബലികഴിക്കുന്നു. ഇന്ത്യയുടെ പലേ ഭാഗങ്ങളിലും ദേവീദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനായി ഒട്ടു വളരെ ജന്തുക്കളെ നിഗ്രഹിക്കുന്നുണ്ടു്. ബങ്കാളിൽ കാളീദേവിയുടെ പ്രീതിക്കായി ആണ്ടുതോറും വധിക്കപ്പെടുന്ന ജന്തുക്കൾക്കു് ഒരു കയ്യും കണക്കുമില്ല. ഇങ്ങനെ ബലിയും, മാംസഭക്ഷണവും അമുസ്‌ലിംകളുടെ ഇടയിലും നടപ്പുള്ളതാണു്. ഇസ്‌ലാം മതത്തിൽ മാംസം ഭക്ഷിക്കണമെന്നൊരു വിധി ഇല്ല. എന്നാൽ മാംസം ഭക്ഷിക്കുന്നു എങ്കിൽ ഇന്നിന്ന തരത്തിലുള്ളതു മാത്രമേ ഭക്ഷിക്കാവൂ എന്നു പറഞ്ഞിട്ടുണ്ടു്.

പശുബലി

ഇന്ത്യയിൽ മുസ്‌ലിംകൾ നടത്തിവരുന്ന പശുഖുർബാനെപ്പററി ഒരു വാക്കു കൂടിപ്പറഞ്ഞുകൊണ്ടു ലേഖനം അവസാനിപ്പിച്ചുകൊള്ളട്ടെ. ഹജ്ജുകാലങ്ങളിൽ ഖുർബാൻ കൊടുക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന ജന്തുക്കൾ ആടു്, മാടു്,

ഒട്ടകം എന്നിവയാണെന്നു മുമ്പു പറഞ്ഞു വല്ലോ. മാട്ട് എന്നുപറഞ്ഞതിൽ കാള പശു, പോത്ത്, എരുമ എന്നിവ ഉൾ പ്പെടുന്നു. ഒരു മാട്ടിനെ ഏഴുപേർചേർന്നു ഖുർബാൻ കൊടുക്കാമെന്നുള്ളതു് ആദായ കരമായിരിക്കുന്നതിനാൽ വടക്കേ ഇന്ത്യ യിലേ മുസ്ലിംകൾ പലരും മാട്ടുകളെ ഖുർബാൻ കൊടുക്കുന്നു. ഇതിൽ പശുവും ഉൾപ്പെടുന്നുണ്ട്. എന്നാൽ കൃഷിപ്രധാ നമായ ഈ രാജ്യത്തു പശുക്കളുടെ എണ്ണം കുറയുന്നതു കർഷകർക്കെന്നല്ല, പൊതുവേ അനുശാസ്യമാണ്. യോദ്ധാ ക്കളായ അറബികൾക്കു പണ്ടേതന്നെ അശ്വബലിയിൽ അതൃപ്തിയുണ്ടായിരുന്ന തുപോലെ കൃഷിക്കാരായ ഇന്ത്യാക്കാർ ഗോവധം നിഷിദ്ധമായിക്കരുതിയിരുന്നു. മിതവ്യയത്തെ ഉദ്ദേശിച്ചു വല്ലവരും മാട്ടു ഖുർബാൻ നടത്തിയാൽ, ഹിന്ദുക്കൾ അതിനായി വലിയ "ഹാലിളക്ക"ങ്ങൾ കാണിക്കുന്നതിനാലാണ് മുസ്ലിംകൾ ക്ഷോഭിക്കുകയും വലിയ വഴക്കുകൾ വന്നു ചേരുകയും ചെയ്യുന്നത്. പരസ്പരം വിട്ടു വീഴ്ചകൾ ചെയ്യുകയും സൗഹാർദ്ദമായി പെരുമാറുകയുമാണ് ഹിന്ദുമുസ്ലിം സഹോദരങ്ങളായ നാം ചെയ്യേണ്ടതു്.

ബക്രീദ് കാലത്തു് മുസ്ലിംകൾ കുറേ ക്കൂടി ശാന്തരായി ആലോചിച്ചു് പ്രവൃ ത്തിക്കേണ്ടതായുണ്ട്. പശുക്കൾ വധി ക്കപ്പെട്ടുപോകുന്ന കാരണത്താൽ ഇന്ത്യ യ്ക്കുണ്ടാകാവുന്ന നഷ്ടത്തിൽ മുസൽമാ ന്മാരും പങ്കുകാരാണ്. ഇനി മതപരമാ യി നോക്കുകയാണെങ്കിലും മുസ്ലിംകൾ ഈ സംഗതിയിൽ ഹിന്ദുക്കൾക്കെതി രായി പ്രവർത്തിക്കാൻ നിർബന്ധിതരാകു ന്നില്ല. പശുവിനെത്തന്നെ ഖുർബാൻ കൊടുക്കണമെന്നു മതം നിർബന്ധിക്കുന്നി ല്ല. ഇത്തരം സംഗതികളിൽ ഇതര മതസ്ഥരോടു സൗഹാർദ്ദമായി ഇടപെടാ നാണ് ഇസ്ലാംമതം ഉപദേശിക്കു ന്നതു്. ഇക്കാരണങ്ങളാൽ ഇന്ത്യയിലേ മുസ്ലിംകൾ തങ്ങളുടെ ഹിന്ദുസഹോദര ങ്ങളെ വേദനപ്പെടുത്തുകയും, വഴക്കുണ്ടാ ക്കുകയും ചെയ്യുന്ന ഗോഖുർബാൻതന്നെ വേണമെന്നു ശാഠ്യം പിടിക്കാതെ മത നിയമം അനുവദിച്ചുതന്നിട്ടുള്ള വേറെ ഏതെങ്കിലും ജന്തുവിനെ ഖുർബാൻ കൊടുക്കുന്നതാണ് ഉത്തമം.

---

## യുദ്ധത്തിനിടയ്ക്കു്.

കടലാസിന്നു് അസാധാരണമായി വില വർദ്ധിച്ചിരിക്കുന്ന വിവരം സക ലർക്കും അറിയാവുന്നതാണല്ലോ. വരിസംഖ്യ അടയ്ക്കാനുള്ള മാന്യർ ഉടൻ തന്നെ മുഴുവൻ തുകയും അടച്ചു തീർക്കണമെന്നു് അപേക്ഷിച്ചു കൊള്ളുന്നു.

കാര്യദർശി

സഹൃദയസമാജം.

# അടർക്കളത്തിൽ.

---

എം. പി. അപ്പൻ, എം. എ; എൽ. ടി.

പൊൻപുള്ളിമിന്നിത്തിളങ്ങും ചിറകാർന്നു
സംഫുല്ലസ്വർഗ്ഗീയചന്ദ്രികയായ്
യൗവനോന്മേഷതരളയായെൻമുമ്പി-
ലാവിർഭവിക്കുന്ന തേജോധാരേ,
പൊൻകിനാവിന്റെ സുധാമയ കാന്തിയിൽ
ഭംഗിയിൽ തീർത്ത നിൻ മുഗ്ദ്ധരൂപം
സ്വാതന്ത്ര്യവല്ലി പടർന്ന മനോഹര-
സ്വാരാജ്യവീഥി വെടിഞ്ഞിവണ്ണം
ആരുമറിയാതിന്നെന്തിനായെത്തിയീ-
നാരകീയാഭമാം കൂരിരുളിൽ?

പുഞ്ചിരികൊണ്ടു കഴുത്തറുത്തീടുന്ന
വഞ്ചന ചൂഴുമീ ഭൂമുഖത്തിൽ
രക്തദാഹാർത്തരാം നായാട്ടുനായ്ക്കളാൽ
ശബ്ദായമാനമാമിജ്ജഗത്തിൽ
സാമ്രാജ്യമോഹം വമിക്കുന്ന കാകോള-
ധൂമിക മൂടുമിപ്പോർക്കളത്തിൽ
വീരയുവാക്കൾ തൻ ജീവരക്തത്തിനാൽ
പാരം കുതിർന്നോരിപ്പാഴ്മണലിൽ
വിന്യസിക്കാനുള്ളതല്ല, വിശുദ്ധമായ്
ധന്യമായുള്ള നിൻ ചേവടികൾ.

നിൻപരിവേഷസുഷമയിലൂടൊരു
വെൺപ്രഭ വീശുന്ന രശ്മി കാണ്മൂ.
ആനന്ദമണ്ഡപം പൂകുവാനായുള്ളോ-
രാലോലരമ്യമാം കോണിപോലെ.
ആർത്തനാദം മുഴങ്ങീടുമീസന്ദർഭ-
മാത്മലീലോത്സവവേളയല്ല.
കണ്ടീലയോ, നീ ഭയാനകദുർന്നയ-
കണ്ടകാകീർണ്ണമീലോകരംഗം?
ആദിപ്രഭാതത്തിലീശ്വരൻ പ്രേമത്താ-

ലാർദ്രമായ് നിർമ്മിച്ച ഹൃത്തടങ്ങൾ
അഗ്നിശൈലങ്ങളായ് പൊട്ടിത്തെറിക്കുന്നു
നഗ്ന നരാധമ താണ്ഡവത്തിൽ.
സത്യധർമ്മങ്ങൾ തൻ ശീതളച്ഛായയി-
ലത്യന്തം മിന്നിയ ജീവലക്ഷം
ആഹന്ത! കൈകാലടിച്ചു പിടയ്ക്കുന്നു
മോഹാന്ധനീതി തൻ ദംഷ്ട്രകളിൽ.
ബന്ധുരനിർമ്മലബോധപ്രകാശത്തെ
അന്ധതമിസ്രം വിഴുങ്ങിടുന്നു.
ചീറും കുടിലമാമാന്ധ്യത്തെ നിർഭയം
കീറിപ്പിളർക്കുന്നു സുപ്രബോധം.
വീണ്ടും തുടരുന്നീമത്സര, മിന്നോളം
കണ്ടില്ലിതിന്റെ പരിണാമം ഞാൻ.

വിണ്ണിലേക്കെന്നെ വിളിക്കേണ്ട, ഞാനമീ
മണ്ണിൽക്കിടന്നുകഴിഞ്ഞുകൊള്ളാം
ചെന്തീക്കടലിലിലീലോകമെരിയുമ്പോൾ
ഹന്ത! സുഖമെനിക്കെന്തിനായി?
ലോഭനീയാഭമാം നിൻമുഖം തൂവുന്ന
ലോലതോജോമൃതധാരപോലും
മങ്ങിത്തുടരുകയാണു ഹാ! ഭൂമിയിൽ
തിങ്ങുമഴലിന്റെ കൂരിരുട്ടിൽ.
എങ്കിലുമിന്നുമചഞ്ചലനാണു ഞാ-
നെൻകർമ്മനിഷ്ഠതൻ വേദികയിൽ.
തെല്ലും നിരാശയില്ലിപ്പോഴും പ്രത്യാശാ-
കല്ലോലിതമാണെന്നന്തരംഗം.
പൗരുഷത്തിന്റെ കണികകളെങ്കിലും
ചോരക്കുഴലിലൊഴുകുവോളം
ഏതൊരു വിഘ്നവും തട്ടിത്തകർക്കും ഞാൻ
സ്വാതന്ത്ര്യം നേടുവാൻ നിർവിശങ്കം.

ചങ്കുറപ്പാർന്ന ചെഞ്ചോരത്തിളപ്പുകൾ
ചങ്ങല പൊട്ടിച്ചെറിഞ്ഞീടുമ്പോൾ
കൺകുളിരേകുന്ന സൗഹൃദധാരയിൽ
തങ്കപ്പുലരി പുലർന്നിടുമ്പോൾ

# വിധിയന്ത്രത്തിരിപ്പിൽ

ജി. ഗോപാലപിള്ള B. A. & L. T.

'നിങ്ങൾക്കു നാണമില്ലല്ലോ ഇങ്ങനെ പുറകേ നടക്കാൻ' ഗവ്വിഷ്ഠയായ ആ യുവതി രവിയോടു പറഞ്ഞു.

'ഇതിനുമുൻപു ഇങ്ങനെ കേട്ടിട്ടില്ല. എൻെറ ഹൃദയത്തിൻെറ ഭാരം മററാരിടത്തു താങ്ങാവതല്ല'.

'തൻെറ പ്രണയപ്രസംഗങ്ങളൊന്നും ഇവിടെ വേണ്ട. എം. ഏ. ക്കാരനാണെന്നുംപറഞ്ഞു് എന്തിനിങ്ങനെ നടക്കുന്നു. നാണവും മാനവുമില്ലാതെപോയല്ലോ!,

'ഞാൻ ധനികനല്ലെങ്കിലും—'

'ഇവിടെനിന്നു് ഈ വിധമുള്ള അസംബന്ധം ഒന്നും പുലമ്പണ്ട. ഇറങ്ങു്—'

കഴുത്തിനുപിടിച്ചു് ഞെക്കിയതുപോലെ അവളുടെ ശബ്ദം തടയപ്പെട്ടു.

'ധനംകൊണ്ടുള്ള നിൻെറ ഗർവ്വു് അസ്തമിക്കും. നീ പശ്ചാത്തപിക്കും'

സുവർണ്ണപഞ്ജരത്തിൽ ഇരുന്ന തത്ത അതേററുപാടി. രവിയുടെ ശ്രദ്ധയതിലല്ലായിരുന്നു. ആ നിമിഷങ്ങൾ അവൻെറ ഭാവിയുടെ അതിദീഘങ്ങളായ വിധികത്താക്കളായിരുന്നു. കോളുകൊണ്ടിളകിയ നഭോമണ്ഡലംപോലെ അവൻെറ ഹൃദയം കലുഷമായി. നിമ്മലപ്രേമപ്രഭാവത്താൽ ഉറപ്പിക്കപ്പെട്ട ആകാശക്കോട്ടകൾ ഒന്നായി അടന്നു താഴെ വീണു ഛിന്നഭിന്നമായി. വികാരതരളിതമായിരുന്ന ആ ഹൃദയം വിദൂരതയിൽ അന്ധകാരഘോരതയെ ഭേദിക്കുന്ന അരുണോദയം കണ്ടു. അവൻെറ ദൃഷ്ടികൾ പ്രകാശിച്ചു. അവൻെറ ഭാവി നിർണ്ണയിക്കപ്പെട്ടു. പാണികൾ മുകുളീകൃതമായി. എന്നേക്കുമായി രവി മഹാസൗധത്തിൽനിന്നും പടികടന്നു പാഞ്ഞു മറഞ്ഞു.

---

സന്ധ്യാഗഭ്രുമിയിൽ തൂവിന ഹൃദ്രക്തം
പൂന്തൊത്തായ് പൊട്ടി വിടന്നീടുമ്പോൾ
അന്തരീക്ഷത്തിലഭംഗുരഭംഗിയിൽ
ശാന്തിസൗരഭ്യം പടന്നീടുമ്പോൾ
എങ്ങുമനോപമമംഗളവീചികൾ
ഭംഗമെഴാതെയൊഴുകീടുമ്പോൾ
ലോകത്തെയാകെ യാനന്ദം തഴുകുമാ
ശ്രീകരോഷസ്സിൽ നമുക്കു കാണാം.
ജ്യോതിസ്സേ,ശോക, നിൻ പ്രേമാർദ്ര ചേതസ്സി-
ന്നാദരപൂർവ്വമെൻ കൂപ്പുകൈകൾ!!

'ഉപദ്രവം ഇനി ഇവിടെ കയറാതിരു ന്നെങ്കിൽ!' അവൾ മന്ദഹസിച്ചു.

ആദിത്യഭഗവാൻ അനേകം തവണ ഉദിച്ചുയൎന്നസ്തമിച്ചുകഴിഞ്ഞിട്ടുണ്ട്. അമൃതകിരണങ്ങൾ വളരെ പ്രാവശ്യം ലോകത്തിൻെറ അനിശ്ചിതമായ ഉയൎച്ച താഴ്ചകൾകണ്ട് ശോഷിച്ച് അദൃശ്യനായിട്ടുണ്ട്. ദിനരാത്രങ്ങൾ അനിശ്ചിതവും അനന്തവുമായ കാലത്തെ അളന്ന് എത്തിക്കുന്നതിനു വൃഥാ ശ്രമം ചെയ്തുകൊണ്ടിരുന്നു.

വെറും ഒരു ചെററക്കുടിൽ. ദ്രവിച്ചുതുടങ്ങിയ മേൽപ്പുരയിൽക്കൂടി മാൎത്താണ്ഡദേവൻെറ ചരമകിരണങ്ങൾ പുരയ്ക്കുള്ളിൽ പ്രവേശിക്കുന്നുണ്ട്. ഒരു വൃദ്ധ ആ പ്രവേശനദ്വാരത്തിൽ ഇരുന്നു കൂടക്കൂടെ വിട്ടുകൊണ്ടിരുന്ന നെടുവീൎപ്പുകൾ ആ നഗ്നമായ ദാരിദ്ര്യനൃത്തരംഗത്തിൻെറ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ആകാശത്തിൻെറ അനന്തതയിൽ ലയിച്ചു. മുറിക്കുള്ളിൽ തൂക്കിയിരുന്ന മൂന്നു പടങ്ങളിലേക്ക് അവളുടെ ശ്രദ്ധ കൂടക്കൂടെ ആകൎഷിക്കപ്പെട്ടിരുന്നു. നിഷ്കളങ്കമായ സൗന്ദര്യത്തിൻെറയും സൌകുമാര്യത്തിൻെറയും വിളനിലമായ ഒരു ബാലികയുടേതാണ് ഒന്ന്. അനേകം യുവഹൃദയങ്ങളെത്തകൎത്തിരിക്കാവുന്ന മദോന്മത്തമായ രണ്ടു ഗൎവ്വിഷ്ഠനേത്രങ്ങൾ കൊണ്ട് ഏതോ ധനികനെ കുരുക്കിലാക്കാനെന്നപോലെ കടാക്ഷിച്ചുനിൽക്കുന്ന സൎവ്വാഭരണവിഭൂഷിതയും സൎവ്വാംഗസുന്ദരിയുമായ ഒരു നവോഢയുടേതാണ് രണ്ടാമത്തേതു്. ഒരു വൃദ്ധയുടെ ചൊക്കിച്ചുളിഞ്ഞ ശരീരമാണ് അടുത്തതിൽ. രണ്ടു രൂക്ഷമായ നേത്രങ്ങൾ അതിദാഹത്തോടുകൂടി എന്തിനെയോ നോക്കിക്കൊണ്ടിരിക്കുന്നതുപോലെയാണതിൽ കാണിച്ചിരിക്കുന്നതു്.

'ഇതു് മുപ്പതുവൎഷങ്ങൾക്കുമുൻപ് എൻെറ ഹൃദയത്തിൽ പതിഞ്ഞിരുന്നെങ്കിൽ! ഈ ക്ഷണപ്രഭാചഞ്ചലമായ ജഡത്തിൽ മനുഷ്യൻ എന്തഹംകരിക്കുന്നു. അതിനുവേണ്ടി അവൻ എന്തെല്ലാം ഒരുക്കുന്നു? എത്ര നാളത്തേക്ക്? കാലപ്രവാഹത്തിൽ ഒഴുകിത്താഴ്ന്ന് അന്ധകാരത്തിലമൎന്നുപോകാൻ; വിധിയന്ത്രത്തിരിപ്പിൽപെട്ടു് തകൎന്നു പൊടിഞ്ഞു പോകാൻ! കാലമാണീശ്വരൻ. അതു സൎവ്വസാക്ഷിയാണ്. ആദ്യന്തവിഹീനമാണ്. അനന്തമാണ്. ധനികനെ നീ തെണ്ടിയാക്കും. ഗൎവ്വിതനെ വിനീതനാക്കും. ദുഷ്ടനെ ശുദ്ധനാക്കും. സകല രഹസ്യങ്ങളും ഗൂഢപ്രവൎത്തനങ്ങളും, നിൻെറ മഹാശക്തിപ്രകാശത്തിൽ തെളിഞ്ഞു പ്രത്യക്ഷപ്പെടാതെ ഗത്യന്തരമില്ല. ലോകം—സൎവ്വവും നിൻെറ അടിമയാണ്. അങ്ങേക്കു കഴിയാത്തതായിട്ടു യാതൊന്നുമില്ല. ബ്രഹ്മാണ്ഡത്തിൽ മുഴുവൻ ലയിച്ചിരിക്കുന്നു—അഥവാ—അങ്ങിൽ ബ്രഹ്മാണ്ഡം മുഴുവൻ ലയിച്ചിരിക്കുന്നു. കാലത്തിൽ അടങ്ങാത്ത എന്തെങ്കിലും മനുഷ്യനു സ്മരിക്കുന്നതിനു കഴിയുമോ? നിഷ്കന്മഷവും സജീവവുമായ ബാല്യകാലസുഖങ്ങളെ ഗൎവ്വിതമായ യൗവനം വേർപെടുത്തുന്നു. വാൎദ്ധക്യമോ? പൂൎവ്വകാലകൎമ്മങ്ങളുടെ നീചത്വത്തെയും പരാജയങ്ങളുടെ ഭീകരതയെയും ചിന്താവീഥിയിൽ എത്തിച്ചു നരകസദൃശമാക്കുന്നു. ഭാവി—ഭാവി?

അവളുടെ ഹൃദയം പിടഞ്ഞു. 'പണത്തിൻെറ മുഷ്ക്കുകൊണ്ടു ദരിദ്രൻെറ

പ്രേമത്തെ ആട്ടിപ്പായിച്ച മഹാപാപി യാണു ഞാൻ. സംസ്കാരസമ്പുഷ്ടവും പ്രേമതരളിതവും ആയ ഒരു യുവഹൃദയത്തെ ഏതൊരു സ്ഥലത്തുനിന്നും എടുത്തെറിഞ്ഞോ ആ സ്ഥലത്തുനിന്നു ഞാൻ ഇതാ ബഹിഷ്കൃതയായിരിക്കുന്നു. ഞാൻ എങ്ങനെ കഴിഞ്ഞിരുന്നു? എങ്ങനെ കഴിയുന്നു? എങ്ങനെ കഴിയും?

'പശ്ചാത്തപിക്കും—'ആ പടിയിൽ പറഞ്ഞു പിരിഞ്ഞ പഞ്ചാക്ഷരം. എന്തിനെ ഞാൻ കാൽകൊണ്ടു തട്ടിത്തെറിപ്പിച്ചോ അതിനുവേണ്ടിത്തന്നെ ഞാൻ ഇന്നിതാ കേഴുന്നു. അങ്ങേ മഹിമ ഞാൻ അന്നു ഗ്രഹിച്ചിരുന്നെങ്കിൽ! ബന്ധുക്കളും ധനവും സൗന്ദര്യവും ഇപ്പോൾ എവിടെ? ഞാൻ ഏകാകിനി; അവൾ തറയിലേക്കു ചാഞ്ഞു.

'രവി', അവൾ ഉച്ചത്തിൽ പുലമ്പി. 'ഭിക്ഷ' അവളുടെ കണ്ണുകൾ തുളച്ചുകയറി എന്നവൾക്കു തോന്നി. സ്നേഹമസൃണമായിനോക്കുന്ന രണ്ടു ചൈതന്യസമ്പൂർണ്ണമായ നേത്രങ്ങൾ അവളുടെ മുൻപിൽ അവൾ കണ്ടു. അവൾ തുറിച്ചുനോക്കി. കണ്ണു തുടച്ചു വീണ്ടും നോക്കി. ആ കണ്ണുകൾ, ആ മൂക്ക്, ആ പ്രശാന്തത—ആ പ്രേമനിഷ്യന്ദിയായ മന്ദഹാസം—ആ ക്ഷമാമൂർത്തിയെ മുഴുവൻ—രവിയെ അവളുടെ മുൻപിൽ അവൾ സൃഷ്ടിച്ചുകഴിഞ്ഞു.

'അങ്ങ്' എന്നെ സമീപിക്കരുത്. ഞാൻ മഹാപാപി—പോകരുത്. ഖേദിച്ചാൽ ഫലമില്ലാതാകുന്നതെപ്പോൾ അന്നാണ് മനുഷ്യൻ പശ്ചാത്തപിക്കുന്നത്. —ഞാൻ പോകുന്നു—അല്ലെങ്കിൽ ഞാനും വരുന്നു. അതിനുമുൻപ് — മാപ്പ് — അയ്യോ! എന്നെ ഇങ്ങനെ നോക്കരുത്. ഞാൻ ദഹിച്ചുപോകും.'

'എൻെറ രവീ!' ശബ്ദം ആകാശം ഭേദിച്ചു. നിശ്ചലമായി ഒരു ശരീരം കൂപ്പുകൈകളോടെ തറയിലേക്കു മറിഞ്ഞു.

പശ്ചാത്താപാഗ്നിയിൽ മാലിന്യം വിട്ടകന്ന സ്വർണ്ണംപോലെ പരിശുദ്ധമായിത്തീർന്ന ഒരു ദേഹി ജഡംവിട്ട് അനന്തമായ ആകാശത്തിലേക്കു പറന്നുപോയി.

# താമരയിതൾ

സാഹിത്യ ശിരോമണി പി. കെ. ഗോവിന്ദപ്പിള്ളശാസ്ത്രി

(കാകളി)

"ഉദ്യോഗമൊന്നു ലഭിച്ചു; നിനയ്ക്കിലി-
ത്യുന്നതമല്ലതി കാമ്യമല്ലെങ്കിലും
ഓരോ പടം മെല്ലെ മെല്ലെ മേല്പോട്ടു വെ-
ച്ചാരോഹണം ചെയ്തുയന്നിടാമേററവും
നിത്യമുത്സാഹപുഷ്പങ്ങളച്ചിച്ചു താൻ
പ്രത്യക്ഷമാക്കണെ മന്മഹാലക്ഷ്മിയേ!
ഇന്ദ്രനഗരിയെച്ചുംബിക്കണം ഗൃഹം;
ഇന്ദിരയാടണം പാടത്തിലൊക്കെയും
മോഹനോദ്യാനമെൻ കീത്തിപരിമളം
ഹാഹാ! വിഹായസ്സിലൊക്കെപ്പരത്തണം"

രമ്യസങ്കല്പസോപാനപരമ്പര
യിമ്മട്ടിലോരോന്നൊരോന്നു ഞാൻ കേറവേ,
തൻകഴൽ വെപ്പിനാൽ ഭൂമിക്കു സൗഭാഗ്യ-
കുങ്കുമപ്പൊട്ടുകൾ മേൽക്കുമേൽ ചാത്തിയും
ആലോക ഹൃത്തുപോലംഭോജമൊന്നെടു-
ത്താലോലമാനന്ദ ലീലകളാടിയും
ഘോരസംസാര ദുരിതങ്ങൾ കയ്ച്ചിട്ടു-
ന്നോരു ഗേഹത്തിലശേഷവുമൊന്നുപോൽ
പ്രസ്ഖലന്മുഗ്ദ്ധസംജല്പിതത്താൽ സദാ
നിസ്തുലപീയൂഷ ബിന്ദുക്കൾ വീഴ്ത്തിയും
ആരുടെ ഹൃത്തും ശശികാന്ത ഭാവമാം-
മാറെഴും പുഞ്ചിരിച്ചന്ദ്രിക തൂകിയും
മുററം കളിച്ചുപുളച്ചുതിമിത്തിടും
കററക്കിടാവോടി യെന്നടുത്തെത്തിനാൻ.
അത്താമര തന്നിതളൊന്നിവത്തെൻെറ
ഹസ്തത്തിൽ വെച്ചിട്ടു മന്മുഖം നോക്കിനാൻ.
പൊട്ടിച്ചിരിച്ചു കുതൂഹലത്തോടങ്ങു
പെട്ടെന്നു പോയി മറഞ്ഞു ലീലാപ്രിയൻ!

ആ ലീല കണ്ടു ചമൽകൃതനായി ഞാൻ
ആലോലചിത്തനായ് വിസ്മയസ്തബ്ധനായ്
സങ്കല്പഭൂമിയിൽ നിന്നു മിറക്കിയി-
സ്സത്യലോകത്തിലേക്കാനയിച്ചെന്മനം.
താമരപ്പൂവിതാം നോക്കിനോക്കിക്ഷണാൽ
ആമഗ്നനായി ഞാൻ ഭാവനാസിന്ധുവിൽ.
"ഓമനപ്പൈതലേ! ലോകൈകനായകൻ
പ്രേമത്തൊടേകിയ പൊന്മണിദീപമേ!
മംഗളപ്പാലൊളി തൂകുന്ന തിങ്കളേ!
ജംഗമാനന്ദമേ! സൗഭാഗ്യകന്ദമേ!
ആലിംഗനത്തിനാലാമയം മാററി പി-
ന്നേറാതെ ചുംബന മുദ്രയും വെച്ചുടൻ
എന്നേ നിരന്തരം കാത്തുരക്ഷിക്കുവാൻ
വന്നതാമൈശ്വരശക്തിവിലാസമേ!
സൗന്ദര്യരമ്യപാദങ്ങളാൽ തീർത്തതാ
മർത്ഥഗംഭീരമാമാനന്ദ കാവ്യമേ!
മാനസം മുററും രസാകുലമാക്കിട്ടു-
മീ നിൻെറ ലീലയ്ക്കൊരർത്ഥമെന്നായ് വരാം!
"താമരപ്പൂവിതാം! ഹാ! ലോകനാഥൻെറ
കോമളലോചനം തൻ പ്രതിബിംബനം!
പാവനഷീശ്വരൻ നിന്നോടുപമിച്ചു
ദേവദേവൻെറ വിശാലദീർഘേക്ഷണം.
കാരുണ്യപീയൂഷ വീചീപരമ്പര
പാരമിളകും ഗഭീരസമുദ്രമേ!
നിർമ്മലഭക്തൾ വാഞ്ഛിതസൽഫലം
മേന്മേൽ ഫലിച്ചിടും മന്ദാരപുഷ്പമേ!
സ്സായദ്വ്യഥാതപത്തിങ്കൽ സുശീതള-
ച്ഛായ വിരിക്കും കടാക്ഷപരമ്പരേ!
അപ്രമേയപ്രഭാവ പ്രഭാപൂരമേ!
ശുഭക്തൈകപ്രവണപ്രവീണതേ!
കാൽക്ഷണത്തിൽ വിശ്വസൃഷ്ടിസ്ഥിതിലയം
കാണിച്ചിടും ദിവ്യലീലാവിലാസമേ!
ലാവണ്യഗേഹമേ! മംഗളരംഗമേ!
ഹാ! വിശ്വനാഥൻെറനേത്രമേ! കൈതൊഴാം"

ഈ മട്ടു മന്മനം നിർമ്മലഭക്തിതൻ
കോമളവീചിയാലാലോലമാകവേ
മന്ദമത്താമരപ്പൂവിതൾ പുഞ്ചിരി
ച്ചെന്നോട്ടു ചിത്ര, മുരയ്ക്കയായിങ്ങനെ:—
"ലൗകികചിന്താകുലമായ നിന്നെയാ-
ലോകേശമാഹാത്മ്യ മൊന്നറിയിക്കുവാൻ
ആശയാ വന്നതാണിങ്ങു വിദൂരെ നി-
ന്നീശവാത്സല്യ 'പോതാ' രൂഢനായി ഞാൻ.
എന്തിനു കെട്ടിക്കിളത്തുന്നു മൂഢ ! നീ
ഹന്ത! ഗന്ധർവ്വനഗരങ്ങൾ മേൽക്കുമേൽ ?
സങ്കല്പഹേമ വിമാനം കരേറിയാ-
സ്വർഗ്ഗലോകത്തോളമിന്നുയർന്നീടിലും
ഭീകരയാഥാർത്ഥ്യമിക്ഷണം വീഴ്ത്തിടും ;
ആകെ നിൻഹൃത്തട്ടൊടൊത്തു തകർന്നുപോം !
വിഷ്ടപനാഥൻെറ നേത്രമാണൊക്കെയും
സൃഷ്ടിച്ചിടുന്നതും കാത്തഴിക്കുന്നതും.
ചിന്തയാ കിം ഫലം? ഹാ ! കനിയേണമ-
ച്ചെന്താമരപ്പൂവിതൾക്കണ്ണുതാൻ ദൃഢം.
ആകയാൽ കാരുണ്യപൂരം തുളുമ്പിയാ-
ലോകേശലോചനാംഭോജദളം സദാ
സുപ്രസന്നം നിൻെറ നേർക്കു തിരിയുവാ-
നെപ്പൊഴും വേല ചെയ്തീടുക സോദര !
വേണ്ടതെല്ലാം തനിയേ വന്നുചേർന്നിടും,
വേണ്ട വികല്പം ചെറുതും നിനക്കയേ !
നല്ലതു—നീ നല്ലതെന്നു ചിന്തിപ്പതാ-
കില്ല—നിനക്കു കൈവന്നിടും മംഗളം."

# രാമപുരത്തു വാര്യരും കുചേലവൃത്തവും

പി. കെ. പരമേശ്വരൻനായർ ബി. ഏ.

## II

ആകർഷകമായ ഒരു ഇതിവൃത്തം സ്വീകരിച്ചതിലാണ് രാമപുരത്തുവാര്യരുടെ വിജയരഹസ്യം അന്തർഭവിച്ചിരിക്കുന്നതെന്നാണല്ലോ ഈ ലേഖനത്തിന്റെ പ്രഥമഭാഗത്തിൽ പ്രതിപാദിച്ചിരുന്നതു്. എന്നാൽ കേവലം ഇതിവൃത്തസ്വീകരണത്തിലുള്ള ഔചിത്യംകൊണ്ടുമാത്രം ഒരു കവിതയുടെ മാഹാത്മ്യം പൂർണ്ണമാകുന്നില്ല. ഇതിവൃത്തത്തിന്റെ മാഹാത്മ്യത്തിൽ കവിയെ അത്രമാത്രം അഭിനന്ദിക്കുവാനില്ല. കവിയുടെ സാമർത്ഥ്യം അതിൽ അത്ര വളരെ പ്രദർശിതമാകുന്നുമില്ല. നേരേ മറിച്ചു്, ഗ്രന്ഥത്തിൽ കവി പ്രദർശിപ്പിക്കുന്ന കാവ്യഗുണങ്ങളും കലാവൈദഗ്ദ്ധ്യവുമാണ് കവിതാവിജയത്തിന്റെ മാനദണ്ഡം. വിശേഷിച്ചു കുചേലചരിത്രം പോലെ പ്രഖ്യാതവും മററു പല കവികളും കവനവിഷയമാക്കിയിട്ടുള്ളതുമായ ഒരു കൃതിയെ സംബന്ധിച്ചിടത്തോളം അതിന്റെ കവിതാഗുണങ്ങൾ സംബന്ധിച്ചുള്ള അന്തർമാഹാത്മ്യം മാത്രമാണു ഗണനീയമായിട്ടുള്ളതു്. അതിനാൽ കുചേലവൃത്തം വഞ്ചിപ്പാട്ടിനു മററു മലയാളകൃതികളെ അപേക്ഷിച്ചു് ഉള്ള വൈശിഷ്ട്യങ്ങളും, കവി ആ ഗ്രന്ഥത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള അനിതരസാധാരണമായ കവനസാമർത്ഥ്യവും ഇതിനുപരി ചിന്തനീയമായിരിക്കുന്നു.

ഗാഢമായ തന്മയത്വവും പ്രകടമായ സ്വാഭാവികതയുമാണ് കുചേലവൃത്തത്തിന്റെ മാഹാത്മ്യത്തിനു് അടിസ്ഥാനഭൂതമായ പ്രധാനകാവ്യഗുണങ്ങൾ. എന്താണ് ഈ തന്മയത്വവും സ്വാഭാവികതയും? ഏതൊരു കാവ്യത്തിന്റെയും ജീവൻ തൽകർത്താവിനു കാവ്യവിഷയത്തിലുള്ള ആത്മാർത്ഥതയിലും ഹൃദയലീനതയിലുമാണ് അന്തർഭവിച്ചിരിയ്ക്കുന്നതു്. കവിയ്ക്കു കാവ്യവിഷയത്തോടു് ഒരു വിദ്യാർത്ഥിയ്ക്കു് ഉപന്യാസവിഷയത്തോടുള്ള ബന്ധം മാത്രമേയുള്ളു എങ്കിൽ ആ കാവ്യത്തിനു യാതൊരു ജീവസ്ഫുരണവും ഉണ്ടായിരിയ്ക്കുവാൻ ഇടയില്ല. ലോകത്തിലെ പ്രശസ്തകാവ്യങ്ങൾ ഒന്നും തന്നെ യാദൃച്ഛികമായി ഉണ്ടായിട്ടുള്ളതല്ല. നേരെമറിച്ചു് അനവധി കാലമായി ഒരു കവിയുടെ ഹൃദയത്തിൽ ഉദിച്ചുയർന്നു് അദ്ദേഹത്തെ ചിന്താതരളിതനും വികാരപരവശനും ആക്കി വിവിധങ്ങളായ ആശയങ്ങളെ ഉദ്ദീപിപ്പിച്ചു് ഒടുവിൽ ആ കവിയുടെ ഹൃദയവുമായി അദ്വൈതമായ ഒരു ബന്ധം പ്രാപിച്ചിട്ടുള്ള ഒരു വിഷയത്തിന്റെ വികാരാന്തർഭരവും ചിന്താമുദ്രിതവുമായ ബഹിസ്ഫുരണമാണ് ഉത്തമകവിത. ഇതിനു് ഒരു ഉത്തമ ദൃഷ്ടാന്തമാണ് 'പാരഡയിസ് ലോസ്ററ്' എന്ന പ്രശസ്തകൃതി. അനവധി വഷത്തെ ചിന്തയുടെയും വികാരപാരവശ്യത്തിന്റെയും കാവ്യസ്വപ്നങ്ങളുടെയും ഫലമായിട്ടായിരുന്നു മിൽട്ടൻ അതു രചിച്ചതു്. പാരഡയിസ്സ്ലോസ്റ്റിലെ വിഷയം, ആ കൃതി എഴുതുന്നതിനു വളരെക്കാലം മുൻപുതന്നെ

മിൽട്ടന്റെ ഹൃദയത്തിൽ വികാരാവേശ ജനകമായിതിരതല്ലിത്തുടങ്ങിയിരുന്നു. അനവധിവഷത്തേയ്ക്കു മിൽട്ടന്റെ ചിന്താഗതികൾ ആ ഒരൊററ വിഷയത്തിൽ തന്നെ മിക്കവാറും ലീനമായിരുന്നു. ഒടുവിൽ കവിതാവിഷയവും കവിഹൃദയവും തമ്മിൽ ഗാഢമായ ഒരൈക്യം സംജാതമാകുകയും പരിണതകാലത്തിൽ ആ സമ്മിളിതശക്തിയുടെ ബഹിർഗമനം പ്രശസ്തമായ പാരഡയിസ്സ്ലോസ്റ്റ് എന്ന കൃതിയായി പരിണമിക്കുകയുമാണു ചെയ്തതു്. ഇതാണു പ്രായേണ എല്ലാ ഉത്തമകൃതികളുടെയും ഉത്പാദനരീതി. മററു മഹാകവികളുടെ കൃതികൾ പരിശോധിച്ചാലും ഈ തത്വം ഝടിതി ബോധപ്പെടുന്നതാണ്.

മലയാള മഹാകവികളിൽ അഗ്രേസരനായ എഴുത്തച്ഛന്റെ കൃതികൾ തന്നെ നോക്കുക. രാമായണഭാരതാദികളിലെ കഥാവിഷയവും എഴുത്തച്ഛന്റെ ഹൃദവും തമ്മിൽ എത്ര ഗാഢമായി ബന്ധപ്പെട്ടിരുന്നു എന്ന് ആ ഗ്രന്ഥങ്ങളിലെ ഏതൊരുഭാഗമാണു തെളിയിയ്ക്കാത്തതു്? അവയിലെ കഥാനായകന്മാർ എഴുത്തച്ഛൻ ഹൃദയാപ്പണം ചെയ്തിരുന്ന സാക്ഷാൽ ഈശ്വരാവതാരങ്ങളായിരുന്നു. അവരുടെ കഥാശ്രവണം അദ്ദേഹത്തിനു തുല്യം പ്രാധാന്യമേറിയതായിരുന്നു. മുക്തിസന്ദായകമെന്നും ആനന്ദാത്മകമെന്നും 'ആ ജീവനാന്തം ശ്രവിച്ചാൽ മതിവരാ' ത്തതെന്നും അദ്ദേഹം തന്നെ പലയിടങ്ങളിലും ഉൽഘോഷിച്ചിരിയ്ക്കുന്ന ഈ കഥകൾ അദ്ദേഹത്തിന്റെ ഹൃദയത്തെയും ചിന്തയെയും ബാല്യകാലം മുതൽ തന്നെ എത്ര അഗാധമായി സ്പശിച്ചിരുന്നു വെന്നു ഊഹിക്കത്തക്കതാണ്. എത്ര കാലത്തെ ഹൃദയവികാരങ്ങളുടെയും ചിന്തയുടെയും മധുരസ്വപ്നങ്ങളുടെയും ഫലമായിട്ടായിരിയ്ക്കാം ആ രണ്ടു മഹാകാവ്യങ്ങൾ —രാമായണമഹാഭാരതങ്ങൾ —ആ മഹാകവിയിൽ നിന്നും വിനിർഗ്ഗളിച്ചതു്. ഇങ്ങനെ നോക്കുമ്പോൾ ലോകത്തിലെ പ്രഖ്യാതങ്ങളായ സാഹിത്യഗ്രന്ഥങ്ങളെല്ലാം തൽകത്താക്കളുടെ ഹൃദയത്തിന്റെ പ്രിയസന്താനങ്ങളായിരുന്നുവെന്നു കാണാം. കവികൾക്കു പ്രതിപാദ്യവിഷയത്തോടു് ഉണ്ടാകുന്ന ഹൃദയപൂവ്വമായ മമതാബന്ധത്തിൽ നിന്നത്രെ കവിതയുടെ പ്രചോദനമുണ്ടാകുന്നതു്. ഈ മമതാബന്ധത്തെ അഥവാ ഹൃദയനിർലീനതയെയാണ് തന്മയീഭാവമെന്നു ഇവിടെ വിവക്ഷിച്ചിരിയ്ക്കുന്ന കാവ്യഗുണം. തന്മയീഭാവത്തിന്റെ ഫലമായി കവിതയിൽ പതിയുന്ന മുദ്രയത്രെ സ്വാഭാവികത്വം. ഇതിനു സത്യം എന്നും പറയാം. കവിഹൃദയം പ്രതിപാദ്യവിഷയത്തിൽ പ്രാപിക്കുന്ന അഭേദ്യബന്ധം മൂലം കവിയ്ക്ക് ഒരുവിഷയത്തിന്റെ കൃത്രിമങ്ങളായ സകല ആവരണങ്ങളെയും അതിക്രമിച്ച് ഏററവും സ്വാഭാവികമായ സത്യാംശം നിരീക്ഷണം ചെയ്യുവാൻ സാധിക്കുന്നു. ആ വിഷയത്തിൽ നിന്നും വിദൂരഹൃദയന്മാരായിട്ടുള്ളവക്ക് ഈ സത്യബോധം അഥവാ സ്വാഭാവികത്വദശ്നം ദുസ്സാധമാണ്. എന്തെന്നാൽ അവക്കു പ്രതിപാദ്യവസ്തുവിന്റെ കേവലം ഉപരിപ്ലവമായ ഒരു വീക്ഷണം മാത്രമേ സാധിക്കുകയുള്ളൂ. ഒരു ഉദാഹരണംകൊണ്ടു് ഈ ഭാഗം വിശദമാക്കാമെന്നു വിചാരിയ്ക്കുന്നു. എഴുത്തച്ഛന്റെ ഭാരതത്തിൽ 'നിറന്നപീലികൾ നിരക്കവേ കുത്തി' എന്നിങ്ങനെ

തുടങ്ങുന്ന പാൎത്ഥസാരഥിയുടെ വൎണ്ണന നോക്കുക. എഴുത്തച്ഛനോ അഥവാ അദ്ദേഹത്തെപ്പോലെയുള്ള ഒരു മഹാ ഭക്തനോ അല്ലാതെ മററാൎക്കാണ് അതു പോലെ ഒരു ഭഗവദ്‌വൎണ്ണന ചെയ്യുവാൻ കഴിയുക. ഭാവനയിൽ പോലും ദശിക്കുവാൻ കഴിയാത്ത ഏററവും സൂക്ഷ്മ വിവരങ്ങൾപോലും അതിൽ അടങ്ങിയിരിയ്ക്കുന്നു. ഭക്തശിരോമണിയും തത്ത്വചിന്തകനുമായ ആ മഹാകവി എത്രയോ കാലം ഹൃദയത്തിൽ അഭിനിവേശത്തോടും അത്യുൽകണ്ഠയോടുംകൂടി ആ ദിവ്യ വിഗ്രഹത്തെപ്പററി ഭാവനം ചെയ്തിരിയ്ക്കണം. ഏകാഗ്രചിത്തതയോടുകൂടി ധ്യാനിച്ചിരിയ്ക്കണം. ക്രമേണ ആ രൂപത്തിൽ അദ്ദേഹത്തിന് ഒരു തന്മയീഭാവം സംജാതമാകയും ഒടുവിൽ പല പ്രാവശ്യവും അദ്ദേഹം ഗാഢസമാധികളിൽ ആ ദിവ്യ വിഗ്രഹത്തെ സാക്ഷാൽകാരേണ ദശിക്കുകയും ചെയ്തിരിക്കണം. ഇങ്ങനെ ആ ദിവ്യരൂപം അതിൻെറ സ്വാഭാവികതയിൽ അഥവാ സത്യാവസ്ഥയിൽ കവി കണ്ടിരുന്നതിനാലാണ് "ഹൃദയം തന്നിലങ്ങിരിക്കും പോലവെ'' ഭഗവാനെ വൎണ്ണിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതു്. നേരേമറിച്ച കവിതയ്ക്കുവേണ്ടിമാത്രം അങ്ങനെ ഒരു രൂപവൎണ്ണന ചെയ്യാമെന്നു വിചാരിച്ചു ചാടിപ്പുറപ്പെടുന്ന കവി എത്ര ഭാവനാസമ്പന്നനായിരുന്നാലും എഴുത്തച്ഛൻ വൎണ്ണിച്ചതുപോലെ സ്വാഭാവികവും സത്യവുമായ പാൎത്ഥസാരഥിയുടെ രൂപം വൎണ്ണിക്കുവാൻ സാധ്യമാകുമായിരുന്നില്ല.

മേൽ നിൎവചിക്കപ്പെട്ട തന്മയത്വവും സ്വാഭാവികതയുമാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിൻെറ കവിതാമഹാത്മ്യത്തിന് അടിസ്ഥാനഭൂതമായ രണ്ടു ഗുണങ്ങൾ എന്നാണല്ലോ മേൽ പ്രസ്താവിച്ചതു്. തന്മയത്വത്തിൻെറ അടിസ്ഥാനമെന്നു പറയാവുന്ന ഗാഢവും ദീൎഘകാലികവുമായ ചിന്തയും തന്മൂലം കവിഹൃദയത്തിനുണ്ടാകുന്ന നിൎല്ലീനതയും കുചേലവൃത്തത്തിനെ സംബന്ധിച്ചിടത്തോളം തൽകൎത്താവിന് എത്രത്തോളമുണ്ടായിരുന്നുവെന്നുള്ളതിൽ തീവ്രമായ അഭിപ്രായവ്യത്യാസം വരാനിടയുള്ളതാണ്. എന്തെന്നാൽ പ്രസ്തുത ഗ്രന്ഥത്തെപ്പററിയുള്ള ഐതിഹ്യം തന്നെ അതു പെട്ടെന്നുണ്ടായ ഒരാജ്ഞയനുസരിച്ച് ഒരു നിമിഷകവിതയെന്നപോലെ രചിച്ചുവെന്നാണ്. ആ സ്ഥിതിയ്ക്കു കവിയ്ക്കു് അതിൽ എന്തു ചിന്തയാണു ചെലുത്തുവാൻ കഴിയുന്നതു്. കവിതാവിഷയത്തിനോട്ട് അദ്ദേഹത്തിന് എത്ര നിമിഷനേരത്തെ ഹൃദയ ബന്ധമാണ് ഉണ്ടായിരിയ്ക്കാവുന്നതു് ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉത്ഭവിച്ചേക്കാൻ ഇടയുണ്ടു്. ഐതിഹ്യം വിശ്വാസ്യമാണെങ്കിൽ കവിതാനിൎമ്മാണാവസരത്തിൽ അദ്ദേഹത്തിന് ചിന്തയ്ക്കു സന്ദൎഭമില്ലായിരുന്നുവെന്നു സമ്മതിയ്ക്കാം. എന്നാൽ അതിനു മുൻപു പല അവസരത്തിലും അഥവാ അനവരതം തന്നെ വാര്യരുടെ മനസ്സിൽ ഈ കവിതാവിഷയം കിടന്നു തിരതല്ലുന്നില്ലായിരുന്നുവെന്നു എങ്ങനെ പറയുവാൻ കഴിയും ? സ്വന്തം ദാരിദ്ര്യാനുഭവങ്ങളോടു വളരെ സാമ്യമുള്ള കുചേലൻെറ ജീവിതാനുഭവങ്ങൾ വളരെ നേരത്തെ തന്നെ വാര്യരുടെ വികാരങ്ങളെ വിജൃംഭിപ്പിച്ചിരുന്നിരിക്കണമെന്നുള്ളതിന് യാതൊരു സംശയവുമില്ല.*

* 'എങ്കലുള്ള പരമാൎത്ഥം പാട്ടുകൊണ്ടുണ്ടാം' എന്നു വാൎയ്യർ പറയുന്നതിൽ നിന്നു് ഈ വസ്തുത നിൎവ്വിവാദമായി സമൎത്ഥിക്കാം. Ed.

# ശകുന്തളയും മിരന്ദായും

പി. ശേഷാദ്രിഅയ്യർ ബി. എ. എം. എൽ.

മഹാകവികളുടെ കൂട്ടത്തിൽ കാളിദാസനും ഷേക്സ്പീയരും ഒരുപോലെ അഗ്രിമസ്ഥാനം വഹിക്കുന്നു എന്നുള്ളതു ലോകവിദിതമാണ്. 'നാടകാന്തം കവിത്വം' എന്നതു് ഇവരെ സംബന്ധിച്ച് അന്വത്ഥമാണ്. ഇരുവരും ഭിന്നസംസ്കാരത്തോടുകൂടി ജീവിച്ചവരാണെങ്കിലും പ്രതിഭാസമ്പത്തു് ഇവക്ക് ഒരുപോലെ സ്വായത്തമായിരുന്നു. പാത്രസൃഷ്ടിയിൽ പലയിടത്തും സാദൃശ്യം കാണുന്നുണ്ടു്. ടെമ്പസ്റ്റിലെ മിരന്ദായും അഭിജ്ഞാനശാകുന്തളത്തിലെ ശകുന്തളയും ഇതിനുദാഹരണമാണ്. രണ്ടുപേരും ഋഷികന്യകകളാം. പിതാക്കളായ പ്രാസ്പറോയും വിശ്വാമിത്രനും രാജഷികളാം. അമാനുഷമായ സാഹായ്യം ഇരുവക്കും ഉണ്ടു്. മിരന്ദ ഏറിയലിനാലും ശകുന്തള അപ്സരസ്സിനാലും രക്ഷിക്കപ്പെട്ടവരാണ്. രണ്ടുപേരെയും ഋഷികളാണു വളത്തിയതു്. സൗരഭ്യംകൊണ്ടു് വനലതകളായ ഇവർ ഉദ്യാനലതകളെ പരാജിതരാക്കി. അവരോധസുന്ദരികളെ ലജ്ജിപ്പിക്കുന്ന ശകുന്തളയുടെ ലാവണ്യം കണ്ടു ദുഷ്യന്തൻ ഇങ്ങനെ വിചാരിക്കുന്നു.

"ശുദ്ധാന്തദുർല്ലഭമിദം വപുരാശ്രമ
വാസിനോ യദി ജനസ്യ
ദൂരീകൃതാഃ ഖലുഗുണൈരുദ്യാനലതാ
വനലതാഭിഃ"

---

വിശേഷിച്ചും 'ഇല്ല ദാരിദ്ര്യാത്തിയോളം വലുതായിട്ടൊരാത്തിയും' എന്നിങ്ങനെ ഹൃദയസ്പൃശിയായ രീതിയിൽ കുചേലപത്നിയെക്കൊണ്ടു പറയിക്കുന്ന ഈ അഭിനവകുചേലൻ, തന്നെ ദാരിദ്ര്യഗത്തത്തിൽ നിന്നും രക്ഷിയ്ക്കുവാൻ ഒരു ദ്വാരകാധിപനെ വല്ലയിടത്തും ലഭിയ്ക്കണേയെന്നു നിത്യവും പ്രാത്ഥിച്ചുകൊണ്ടിരുന്നില്ലെന്നു് എങ്ങനെ വിചാരിക്കാം. ഇങ്ങനെ കുചേലവൃത്തം കഥയും ആത്മകഥയും തമ്മിൽ അപൂണ്ണമായിട്ടെങ്കിലുമുള്ള സാദൃശ്യം വാര്യരുടെ ഹൃദയത്തെ കുചേലകഥയോടുകൂടുതൽ ഗാഢമായ വിധം ബന്ധിച്ചിരുന്നിരിയ്ക്കാൻ വളരെ സാധ്യതയുള്ളതാണ്. ഒടുവിൽ കുചേലനോടു സ്വാനുഭവങ്ങൾ കൊണ്ടു തന്നെ ആത്മൈക്യം പ്രാപിച്ചിരുന്ന അദ്ദേഹം മാത്താണ്ഡവമ്മമഹാരാജാവിന്റെ ദശനത്തിൽ തന്റെ ചിരപ്രാത്ഥിതനായ 'ശ്രീകൃഷ്ണൻ' സമാഗതനായിരിയ്ക്കുന്നുവെന്നു വിചാരിയ്ക്കുകയും കവികൾക്കു സ്വതഃസിദ്ധമായ മനോധമ്മവിലാസംമൂലം അതിനെ കവിതാവിഷയമായി പ്രയോഗിക്കുകയും ചെയ്തതായി വിചാരിക്കേണ്ടിയിരിക്കുന്നു. അതിനാൽ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ സവ്വത്ര ദൃശ്യമായിരിക്കുന്ന തന്മയത്വത്തിനും തജ്ജന്യമായ സ്വാഭാവികതയ്ക്കും അടിസ്ഥാനമായി കവിയ്ക്കു കവിതാവിഷയത്തിൽ ഉണ്ടായിരിക്കേണ്ട ഗാഢവും ദീർഘകാലികവുമായ ചിന്തയും ഹൃദയ നിർലീനതയും വാര്യക്കു നല്ലതുപോലെയുണ്ടായിരുന്നുവെന്നുള്ള അഭിപ്രായം സാധുവും സ്ഥാനസ്ഥിതവും ആണെന്നു തന്നെ വിശ്വസിക്കുന്നു.

ഫർഡിനൻഡ് മിരന്ദായെ കണ്ടപ്പോഴും ഇപ്രകാരംതന്നെയാണ് വർണ്ണിക്കുന്നത്.

" Full many a lady
I have eyed with last regard and
many a time
The harmony of their tongues hath
into bondage
Brought my too diligent ear for
several virtues
Have I like several women—but
you so you
So perfect and so peerless, are
created of every
Creatures best"

രണ്ടുപേരും അരണ്യമദ്ധ്യത്തിൽ വളൎന്നുവന്നവരാണ്.

ലോകവസതികളിൽ പാലിക്കപ്പെടാത്ത ഈ നായികമാർ എത്രത്തോളം പരിശുദ്ധാത്മാക്കളാണെന്നു പരിശോധിക്കാം. ശകുന്തള വല്ക്കലം ഉടുത്തുകൊണ്ടു ചെറുകുടങ്ങളിൽ വെള്ളംകോരി ആലവാലങ്ങളിൽ ജലസേചനം ചെയ്തും മററും സമയം കഴിച്ചുകൂട്ടുന്നു. ജലകണധൗതമായ നവമല്ലികപോലെ ആ തരുണീരത്നം ശുഭ്രയും നിഷ്കളങ്കയും പ്രഫുല്ലയും ദിഗന്തവ്യാപിയായ സൗന്ദര്യത്തോടുകൂടിയവളുമാണ്. അവൾക്കു നവമല്ലികയിൽ ഭഗിനീസ്നേഹം സഹകാരനിൽ ഭ്രാതൃസ്നേഹം, മാതൃഹീനമായ ഹരിണശിശുവിൽ പുത്രവാത്സല്യം കൂടെപ്പിറപ്പാണ്. ഭർത്തൃഗൃഹത്തിലേക്കു പോകുന്നവഴിക്ക് ഇവയോടു യാത്രപറയുന്നതോൎത്ത് ശകുന്തള അശ്രുമുഖിയും കാതരയും പരവശയുമായിത്തീരുന്നു. ശകുന്തള അവരുമായി സംഭാഷണം ചെയ്തും ചില വൃക്ഷങ്ങളെ ആദരിച്ചും മല്ലികാസഹകാരങ്ങളെ പരിണയക്രിയകൊണ്ടു ദമ്പതിമാരാക്കിയും ആനന്ദിക്കുന്നു. ശകുന്തള സരളയാണെങ്കിലും അശിക്ഷിതയല്ല. അവളുടെ ശിക്ഷണത്തിന്റെ ചിഹ്നമാണു ലജ്ജാഭാവം. അവളുടെ പ്രകൃതത്തിൽ ലജ്ജ വളരെ പ്രബലമാണ്. സംഭാഷണസമയത്ത് അവൾ ദുഷ്യന്തന്റെ മുമ്പിൽ ലജ്ജാനമ്രമുഖിയായി കാണപ്പെടുന്നു. ഹൃദ്ഗതമായ പ്രണയത്തെ സഖികളോടു പറയാൻപോലും ശകുന്തളയെ ലജ്ജ സമ്മതിക്കുന്നില്ല.

മിരന്ദയുടെ സ്ഥിതി ഭിന്നമാണ്. മിരന്ദ സരളയാണ്. ലജ്ജ എന്നത് അവൾ അറിഞ്ഞിട്ടില്ല. അച്ഛനെയും കാലിബനെയുമല്ലാതെ മററൊരു പുരുഷനെ അവൾ കണ്ടിട്ടില്ല. ആദ്യമായി ഫർഡിനാൻഡിനെ കാണുമ്പോൾ മിരാന്ദയ്ക്കു ആ രൂപം എന്താണെന്നുതന്നെ മനസ്സിലാകുന്നില്ല.

" Lord! How it looks about
Believe me Sir it carries a brave form
but it is a spirit"

സമുദായദത്തമായ സകലസംസ്കാരവും ശകുന്തളയ്ക്കുണ്ട്. മിരന്ദയ്ക്കു് അത് അല്പം പോലും ഇല്ല. ഒരു ചിത്രത്തെ പ്രശംസിക്കുന്നതുപോലെയാണ് അവളുടെ വാക്കുകൾ.

"I might call him
A thing divine for nothing natural
I ever saw so noble"—

സംസ്കാരശൂന്യയായ മിരന്ദ തന്റെ പ്രണയലക്ഷണം വാക്കുകൾമുഖേന അറിയിക്കുന്നു. ശകുന്തള ദുഷ്യന്തനെ കാണുമ്പോൾ പ്രണയാസക്തയാകുന്നു. എങ്കിലും അവളുടെ സഖികൾ നിർബന്ധിച്ചു ചോദിക്കുന്ന ഘട്ടംവരെ തന്റെ നൂതന

വികാരത്തെക്കുറിച്ച് ഒരു വാക്കുപോലും പറയുന്നില്ല. കേവലം വ്യംഗ്യ രീതി അവലംബിച്ചാണ് തൻെറ യഥാൎത്ഥസ്ഥിതി വെളിപ്പെടുത്തുന്നത്.

"സ്നിഗ്ദ്ധം വീക്ഷിതമന്യതോഽപി
നയനേ യത് പ്രേരയന്ത്യാ തയാ
യാതം യച്ച നിതംബയോർ ഗുരുതയാ
മന്ദം വിലാസാദിവ
മാഗാ ഇത്യുപരുദ്ധയാ യദപി തത്
സാസൂയമുക്താ സഖീ,
സർവ്വം തത് കില മത് പരായണമഹോ
കാമീ സ്വതാം പശ്യതി".

ശകുന്തള ദുഷ്യന്തൻെറ അടുത്തുനിന്നും പോകുമ്പോൾ വല്ക്കലം ഉടക്കിയ ഭാവം കാണിച്ചും കാലിൽ കുശാങ്കുശം തറച്ചപോലെയും അഭിനയിച്ചും വീണ്ടും അല്പ നേരം അവിടെ നിൽക്കുന്നു. മിരന്ദായ്ക്കു ഈ കൗശലമൊന്നുമറിഞ്ഞുകൂടാ. പ്രഥമദൎശനത്തിൽതന്നെ തീരെ സങ്കോചം കൂടാതെ പിതാവിൻെറ അടുത്തുചെന്ന് സ്വപ്രണയത്തെ വ്യക്തമാക്കുന്നു.

This..................
Is the third man I e'er saw, the first
That e'er I sighed for"

ഫർഡിനിൻഡിനെ പീഡിപ്പിക്കുവാൻ തുടങ്ങുന്ന പിതാവിനോടും അദ്ദേഹം അവളുടെ പ്രേമഭാജനമെന്നു പറഞ്ഞു ദയയ്ക്കു അപേക്ഷിക്കുന്നു.

ശകുന്തളയുടെ പ്രഥമപ്രണയഭാഷണം ഒരുതരത്തിൽ ഒളിച്ചുകളിയാണ്. "സഖി! രാജാവിനെ എന്തിനാണ് വെറുതേ താമസിപ്പിക്കുന്നത് ........." "എന്നാൽ ഞാൻ പോകുകയാണ്". എന്നൊക്കെയാണ് ഉച്ചരിക്കുന്നത്—ലജ്ജാപ്രകടനങ്ങളാണ് എല്ലായിടത്തും കാണുന്നത്.

മിരന്ദായ്ക്കു ലജ്ജ അശേഷമില്ല. അവൾ കേവലം വനത്തിലേ പക്ഷി; പ്രഭാതത്തിൽ ഗാനം ചെയ്തുകൊണ്ടെഴുന്നേല്ക്കാൻ അവൾക്കു ലജ്ജയില്ല. അവൾ വൃക്ഷത്തിലേ പുഷ്പംമാത്രം; സന്ധ്യാസമീരണൻ വീശുമ്പോൾ മുഖത്തു രോമാഞ്ചമണിയുന്നതു് അവൾക്കു ലജ്ജാകരമല്ല.

"By my modesty the jewel in my
dower...... I would not wish
Any companion in the world but you;
Nor can imagination from a shade
Besides yourself to like of—"

നിഷ്കളങ്കമായ പ്രേമം ഒഴുകുന്ന അവളുടെ വാക്കുകൾ ഇപ്രകാരമാണ്.

"Hence bastful cunning ... ... ...
And prompt me, plain and holy
innocence
I am your wife, if you will marry me.
......If not, I die your maid—; to be
your fellow
You may deny me, but I will be
your servant
Whether you will or no."

ഏതാദൃശമായ സംഭാഷണരീതി ശാകുന്തളത്തിൽ എങ്ങനെയെന്നു നോക്കാം. "പൗരവ! മൎയ്യാദ ലംഘിക്കരുതേ. ഞാൻ കാമപരവശയായിരിക്കുന്നെങ്കിലും തോന്നിയതുപോലെ നടക്കാവുന്നവളല്ല." പിന്നീട് "ഇനിയും തോഴിമാരോടു ചോദിച്ചുകൊണ്ടുവരാം" എന്നാണു ശകുന്തള പറയുന്നതു്.

ദുഷ്യന്തനാകട്ടെ :—

"അപരിക്ഷതകോമളസ്യ യാവൽ
കുസുമസ്യേവ നവസ്യ ഷട്പദേന
അധരസ്യ പിപാസിതാ മയാ തേ
സദയം സുന്ദരി! ഗൃഹ്യതേ രസോഽസ്യ"

എന്നുപറഞ്ഞു തല്ക്കാലം സമാധാനപ്പെടുന്നു

# എങ്ങനെ?

നാലാങ്കൽ കൃഷ്ണപിള്ള

“ എങ്ങനെ, നിൻമണിയറതന്നിലേ
പൊൻപ്രദീപികാനാളം പൊലിഞ്ഞുപോയ് ” ?

“ മംഗളമാം വെളിച്ചം, കുസൃതിയാം
മന്ദവാതം കവരുമെന്നോർത്തു ഞാൻ,
പൂവണിസ്സാരിയാലെ മറയ്ക്കുവാൻ
പോകവേ, യതുകെട്ടു, ക്ഷമിക്കണേ” !

“ എന്തുമൂലമിസ്സൗരഭം ചിന്തിടും
കാന്തിമത്താം സുമങ്ങൾ വാടീടുവാൻ ” ?

“ പ്രേമവീചികളെന്നുടെയുൾക്കള-
സീമകളെ വിപുലീകരിയ്ക്കവേ,
തൂമണിമാറണച്ചു പുൽകീടവേ
കോമളമാമിപ്പൂക്കൾ വിളറിപ്പോയ് ”

“ പിച്ചവെച്ചു കളിച്ചുനടക്കുമീ-
കൊച്ചുരുവിയുണങ്ങിയതെങ്ങനെ? ”

“ സ്വാർത്ഥചിന്തയാലുദ്യുക്തയായി ഞാൻ
അർത്ഥമില്ലാത്ത കേളികൾ ചെയ്യുവാൻ,
മൽപ്രഭോ! ഞാൻ ചിറകെട്ടി, എന്നുടെ
ദർപ്പമാണതു, മങ്ങു, പൊറുക്കണേ !! ”

“ വീണതൻ മൃദുതന്ത്രികളെങ്ങനെ,
പ്രാണനാഥേ ! തകർന്നെന്നു ചൊല്ലുക ”

“ ഞാനതിൽ ചില രാഗങ്ങൾ മീട്ടുവാൻ
മാനസത്തിൻ വിളക്കേ ! തുനിയവേ,
ലോലമാകുമാ വീണതൻ പൊന്നണി-
ന്തലുകൾ, ഹാ! തകർന്നു, ക്ഷമിക്കണേ ! ! ”

---

ഇങ്ങനെ ഏതാനും ചിലവാക്കുകൾ മാത്രമാണ് അവരുടെ പ്രണയസംഭാഷണം.

പൗരസ്ത്യസംസ്കാരത്തിന്റെ ആദർശവീചികൾ വഹിക്കുന്ന ശകുന്തളയുടെ ചിത്രം മേൽപ്പറയണം. ചില പ്രത്യേകഗുണങ്ങളാൽ മിരന്ദായിൽ നിന്നും വിഭിന്നമാണെങ്കിലും രണ്ടു പാത്രങ്ങൾക്കും സാരമായ സാമ്യം കാണുന്നതുകൊണ്ട് തത്കർത്താക്കളായ മഹാകവികളുടെ ഭാവനാശക്തി ദേശകാലാദിഭേദങ്ങളെ അതിലംഘിച്ച് അഭിന്നഭാസുരമായിശോഭിക്കുന്നു എന്നു തെളിയുന്നു.

# നിമ്നഗ

[വിദ്വാൻ ടി. സി. യോഹന്നാൻ, നല്ലിലം]

എങ്ങോട്ടു ചീറിപ്പാഞ്ഞു പോകുന്നു നിലകൊള്ളാ-
തിങ്ങനെ നിരർഗ്ഗളം നിമ്നഗേ മനോഹരേ.
ഉദ്ഗതി വാഞ്ഛിക്കുന്നു സർവ്വരും ജഗത്തിങ്കൽ-
ത്വദ്ഗതിമാത്രം ചിത്രം നിത്യവും കീഴോട്ടല്ലോ.
ഉന്നതൻ തവതാതൻ പർവ്വതഗാത്രൻ മഹാൻ
മന്നിടം ധരിയ്ക്കുവോനംബരം മുട്ടിക്കുവോൻ.
മാതാവോ വലാഹകത്തയ്യലാം സൽസ്വാതന്ത്ര്യ-
ശ്രീതാവും നഭോയാനം നിർവ്വിഘ്നം നയിക്കുവോൾ.
എങ്കിലെന്തധോമാർഗ്ഗതല്പരേ തരംഗിണീ
നിങ്കൽ ഞാൻ കാണുന്നീല തെല്ലുമഗ്ഗുണോൽകരം.
കാണിയുമുൽകർഷേച്ഛ കൂടാതെ നിരന്തരം
താണിടം നോക്കിത്തന്നെ നിസ്ത്രപം പായുന്നു നീ.
അഭൗമമേതോ മഹാകർത്തവ്യമുണ്ടെന്നു താൻ
നിൻപോക്കുകണ്ടാൽ തോന്നാമെന്നാലുമൊരിക്കലും
സ്വാതന്ത്ര്യ തൃഷ്ണതെല്ലും തേടാത്ത നിന്നാശയം
ഭീതിദം മലീമസം കേവലം തമോമയം.
തെല്ലുവിശ്രാന്തിപോലുമില്ലാതെയെല്ലായ്പ്പോഴും
വല്ലാതെ വെമ്പിപ്പാഞ്ഞുപോവതെങ്ങേവം വിധം.

വെൺനുരനിരചിന്നിപ്പുഞ്ചിരിച്ചുരയ്ക്കയാ-
യുൺമയിലലച്ചാർത്താൽ നിമ്നഗ പ്രത്യുത്തരം
സന്തതം മുന്നോട്ടല്ലീ മൽഗതിമർത്ത്യാ നീയെ-
ന്തന്ധനെപ്പോലന്യഥാ പാഴ്ച്ചിന്ത പുലർത്തുന്നു?
നിസ്തുലാനന്ദധാമം നിർമ്മലം നിത്യം കാമ്യം
വിസ്തൃതപാരാവാരവക്ഷസ്സേ മമലക്ഷ്യം.
അങ്ങുചെന്നെത്താതെ ഞാൻ വിശ്രമം കൊതിച്ചെങ്ങും
തങ്ങുകില്ലല്പംപോലും താന്തയുമാകില്ല ഞാൻ.
സ്വാതന്ത്ര്യപ്പരപ്പിനെപ്പാർത്തു താൻ പോകുന്നൊരെൻ
ചേതസ്സോ നിരാതങ്കം പാവനം സുശോഭനം
പോകുന്നു പോകുന്നു ഞാൻ ചിൽസുഖസുധാകരം
പൂകുവാൻ സൽസ്വാതന്ത്ര്യം പൂണുവാൻ യഥാകാലം.

# കോട്ടയത്തു തമ്പുരാനും കഥകളിയും

എൻ. ദിവാകരക്കുറപ്പ്, കൈതക്കോട്ട്.

**അ**ഭിനയകലകൾക്കു കാലദേശാവസ്ഥകളുടെ മാററത്തോടുകൂടി വിവിധരീതിയിലുള്ള വ്യതിചലനങ്ങൾ സിദ്ധമായിട്ടുണ്ട്. കേരളീയ ദ്രാവിഡപ്രകൃതിയ്ക്കനുസരണമായ അഭിനയകലാലക്ഷ്മി, ആര്യസംസ്കാരത്തിൻെറ മതശാസനയും സാഹിത്യസഹായവും ഏററു പരിപുഷ്ടമായി അരങ്ങേറിയതുതന്നെയാണ കഥകളി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

അഭിനയകലകളിൽ ഒരു മുഖ്യസ്ഥാനത്തെ അർഹിക്കുന്ന കഥകളിയുടെ ആഗമത്തെപ്പററി ആരായുന്നതു സമുചിതം തന്നെയെന്നു വിശ്വസിക്കുന്നു. ആധുനിക കഥകളി പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവും സഹൃദയാഗ്രേസരനും ഭാഷാഭിമാനിയുമായ കൊട്ടാരക്കര തമ്പുരാൻ 'രാമനാട്ടം' നിർമ്മിച്ചതു, കോഴിക്കോട്ടു സാമൂതിരി 'കൃഷ്ണനാട്ടം' അയച്ചുകൊടുക്കാത്തതുകൊണ്ടുള്ള വാശിയാലാണെന്നു പറഞ്ഞുവരുന്നു. ഇതിൽ നിന്നും, രാമനാട്ടം കൃഷ്ണനാട്ടത്തിനുശേഷം ഉണ്ടായിട്ടുള്ളതാണെന്നു ബോദ്ധ്യമാകുന്നുണ്ട്. വിദ്വൽ കേസരിയായ 'മാനവേദൻ തമ്പുരാൻ' കൃഷ്ണനാട്ടം ഉണ്ടാക്കിയതു കലിദിനം 1736612-നു ശരിയായ കൊ: വ: 829-ാമാണ്ട് ധനുമാസത്തിലാണെന്ന്.

"സ്നായദ് ഭക്തിഭരേണ നുന്നമനസാ
ശ്രീമാനവേദാഭിധ—
ക്ഷോണീന്ദ്രേണ കൃതാ നിരാകൃതകലിർ-
ഗ്രാഹ്യസ്തുതിർഗാഥകൈഃ
ലക്ഷ്മീവല്ലഭ 'കൃഷ്ണഗീതി' രിതി വി-
ഖ്യാതാ തവാനുഗ്രഹാ-
ദേഷാ പുഷ്കരലോചനേഹ ഭജതാം
പുഷ്ണാതു മോക്ഷശ്രിയം".

എന്ന കൃഷ്ണനാട്ടത്തിലെ ശ്ലോകത്തിലുള്ള 'ഗ്രാഹ്യസ്തുതിർഗാഥകൈഃ' എന്ന കലിസംഖ്യാദ്യോതകപാദത്തിൽ നിന്നും വ്യക്തമാക്കാം.

രാമനാട്ടകർത്താവായ കൊട്ടാരക്കര തമ്പുരാൻ വഞ്ചിഭൂ ഭരിച്ചിരുന്ന ഒരു വീര കേരളവർമ്മ രാജാവിൻെറ മരുമകനും ഉദ്ദണ്ഡശാസ്ത്രികളുടെ സമകാലികനും പ്രസിദ്ധനുമായ ശങ്കരകവിയുടെ ശിഷ്യനുമാണെന്ന്,

"പ്രാപ്താനന്തഫലനശ്രിയഃ പ്രിയതമ
ശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാവരവീരകേരള വിഭോ രാജ്ഞഃ
സ്വസുസ്സൂനുനാ
ശിഷ്യേണ പ്രവണേന ശങ്കരകവേ
രാമായണം വർണ്ണ്യതേ
കാരുണ്യേന കഥാഗുണേന കവയഃ
കുർവ്വന്തു തൽ കർണ്ണയോഃ".

എന്ന രാമനാട്ടത്തിലെ ശ്ലോകം തെളിയിക്കുന്നു. വേണാട്ടു ഭരിച്ചിരുന്ന ഭക്തശിരോമണിയായ ഉണ്ണിക്കേരളവർമ്മയുടെ കാലത്തായിരുന്നു കൊട്ടാരക്കര തമ്പുരാൻ ജീവിച്ചിരുന്നതു് എന്നു തമ്പുരാൻെറ രാമനാട്ടത്തിലുള്ള "വഞ്ചിവീരകേരള ഹൃദയാംബുജനിവാസലോല പദാംബുരുഹം"

എന്ന ശ്രീരാമസ്തുതിയിൽ നിന്നും ഊഹിക്കാം. കൊട്ടാരക്കര തമ്പുരാൻ രാമനാട്ടം നിർമ്മിച്ചതു ക്രി: വ: 1662-ന് ശരിയായ കൊ: വ: 837-ന ശേഷമാകുന്നു എന്നാണ് മഹാകവി ഉള്ളൂരിന്റെ അഭിപ്രായം. അതു സമഞ്ജസം തന്നെയെന്നു കൃഷ്ണനാട്ടത്തിന്റെ കാലനിർണ്ണയം വച്ചുനോക്കിയാൽ ബോദ്ധ്യമാകും. കൃഷ്ണനാട്ടത്തിന്റേയും മററും പ്രകൃതികളെ രൂപവൽകരിച്ച് ഉത്തരോത്തരം ആകർഷകമാക്കി, നവീനരീതിയിൽ കഥകളി പ്രസ്ഥാനത്തെ സൃഷ്ടിച്ചു പരിപോഷിപ്പിച്ചു നടപ്പാക്കുന്നതിനുള്ള കൊട്ടാരക്കര തമ്പുരാന്റെ ശ്രമം ഏററവും ഫലവത്തായിത്തീർന്നിട്ടുണ്ട്. ചുരുക്കിപ്പറയുന്നതായാൽ, ചാക്യാർകൂത്തിന്റെ ശാഖാലതയായിപ്പിരിഞ്ഞ അഷ്ടപദിയാട്ടത്തിൽ നിന്ന് ആദ്യം പൊടിച്ച കൃഷ്ണനാട്ടവല്ലരിയേക്കാൾ പിൽക്കാലത്തു അതേ മൊട്ടിൽ നിന്നും പ്രപുഷ്ടതയോടും സൌകുമാര്യത്തോടും കൂടി പൊട്ടിത്തഴച്ചുവന്ന രാമനാട്ടവല്ലിക്ക് ഭാഷാസംയോഗം നിമിത്തം ആമോദപ്രസ്രവങ്ങളായ പലതരം ആട്ടക്കഥാ പ്രസൂനങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള സൌഭാഗ്യം സിദ്ധിച്ചു.

ആട്ടക്കഥകളുടെ ഉൽപത്തി സംസ്കൃത നാടകങ്ങളിൽ നിന്നാണ് എന്നൊരു സംശയംകൂടി ഉണ്ട്. എന്നാൽ നാടകങ്ങളിൽ അനുപേക്ഷണീയമായി നിയമിതമായിട്ടുള്ള അങ്കനിയമമോ, രസ നിയമമോ, സന്ധ്യാദി നിയമങ്ങളോ, കാണുന്നില്ലാത്തതുകൊണ്ട് ഈ സംശയം അർത്ഥവത്താണെന്നു തോന്നുന്നില്ല. എന്നുവേണ്ട നാടകങ്ങളിൽ വധാദികളായ ഏതേതംശങ്ങളെ ആലംകാരികന്മാർ നിഷേധിച്ചും കവികൾ കാണിക്കാതേയും ഇരിക്കുന്നുവോ ആ വകകളെല്ലാം കഥകളിയിൽ സുലഭവും പ്രധാനവുമാണ്.

കൊട്ടാരക്കര തമ്പുരാനുശേഷം അനേകം മഹാന്മാർ പുരാണങ്ങളെ കാലോചിതവും സമുചിതവുമായ മാററങ്ങളോടുകൂടി കഥകളിരൂപത്തിൽ രചിച്ചിട്ടുണ്ട് എന്നുള്ളതിനു ആധുനിക കഥകളിപ്രസ്ഥാനം ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്. അവരിൽ പ്രാഥമികനും അദ്വതീയനുമാണു കോട്ടയത്തു് കേരളവർമ്മ തമ്പുരാൻ.

കോട്ടയം രാജകുടുംബത്തിൽ പ്രായപൂർത്തിയുള്ള കുമാരന്മാർ ഇല്ലാതിരുന്നതുകൊണ്ട് കേരളവർമ്മയുടെ മാതാവു രാജ്യഭാരം ചെയ്തുവന്നു. കോഴിക്കോട്ടു സാമൂതിരിയും കോട്ടയത്തു രാജകുടുംബവുമായി പണ്ടേതന്നെ മൈത്രിയിലായിരുന്നതുമൂലം കോഴിക്കോട്ടുരാജ്യം കോട്ടയം രാജാക്കന്മാർ സന്ദർശിക്കുക പതിവായിരുന്നു. ഈ മാമൂലിനു ഭേദം വരുത്താതിരിക്കാൻ മഹാരാജ്ഞി കേരളവർമ്മയെ കോഴിക്കോട്ടേയ്ക്കു അയയ്ക്കാൻ തീർച്ചയാക്കി. ബാല്യത്തിൽ തന്നെ ബുദ്ധിഹീനനും അലസനുമായ കേരളവർമ്മയുടെ ബുദ്ധിമതിയായ മാതാവ് വിദ്വൽകേസരിയായ സാമൂതിരിയുമായി കുശലപ്രശ്നത്തിനു മകനുള്ള അപ്രാപ്തി മനസ്സിലാക്കിയിരുന്നു. ഒന്നുരണ്ടുവാക്കിൽ സംഭാഷണം പൂർത്തിയാക്കുവാൻ വേണ്ടി ഗുരുമുഖാന്തരം "മയാ കിം കർത്തവ്യം" എന്ന വാക്യം കുമാരനെ പറഞ്ഞു പഠിപ്പിച്ചു. രാജകുമാരൻ ആ വാക്യം ഭംഗിയായി ഉച്ചരിക്കും എന്നു ബോദ്ധ്യംവന്ന രാജ്ഞി ചതുരംഗപ്പടയോടുകൂടി കോഴിക്കോട്ടേയ്ക്കു

സപുത്രനെ യാത്രയാക്കി. വഴിമദ്ധ്യേ വാക്യോച്ചാരണത്തിൽ മാത്രമായിരുന്നു കുമാരന്റെ ശ്രദ്ധ. എന്നാൽ സാമൂതിരിയുമായുള്ള സംഭാഷണത്തിൽ "മയാ കിം കൎത്തവ്യം" എന്നുള്ളതിന്ന് "മയകിം കൎത്തവ്യം" എന്നു പറഞ്ഞപ്പോൾ സാമൂതിരി മറുപടിയായി ഹാസ്യരൂപത്തിൽ "ദീൎഘോച്ചാരണം കൎത്തവ്യം" എന്നു ആക്ഷേപിച്ചതു് രാജ്ഞി അറിഞ്ഞു പുത്രനെ കുമാരധാരയിൽ തള്ളുന്നതിനു ആജ്ഞ നൽകി. കുമാരധാരയിൽനിന്നും മൃത്യു ഭവിക്കാതെ രക്ഷപ്പെട്ട കുമാരന്ന് തീൎത്ഥമാഹാത്മ്യത്താൽ വിശേഷജ്ഞാനം ഉദിക്കുകയും വിദ്യാഭ്യാസത്തിൽ ആശ ജനിക്കുകയുംചെയ്തു. തൽസമയം അദ്ദേഹത്തിന്റെ തിരുനാവിൽ നിന്നും വിനിൎഗ്ഗളിച്ച അടിയിൽ കാണുന്ന പദ്യം സരസതരമായി കൈരളീസാഹിത്യമലർവാടിയിലെ വാടാമലരായി നിത്യവും പരിശോഭിക്കുന്നു.

"ഉദയഗിരി ചുവന്നു;ഭാനുബിംബം വിളങ്ങീ
നളിനി മുകുളജാലൈർമന്ദഹാസം തുടങ്ങീ
പനിമതി മറവായീ ശംഖനാദം മുഴങ്ങീ"
ഉണരുക കണികാണ്മാൻ അംബരേ ചെമ്പരേശ!

ഈ ഐതിഹ്യം വാസ്തവമോ അവാസ്തവമോ ആയിക്കൊള്ളട്ടെ; എന്തായാലും അദ്ദേഹം മഹാവിദ്വാനും ദേവീഭക്തനുമായിരുന്നു എന്നു വ്യക്തമാണ്.

"കോട്ടംവിട്ടൊരുകോട്ടയം കൃതികൾ" കിൎമ്മീരവധം, കാലകേയവധം, വടക്കൻ കല്യാണസൌഗന്ധികം, വടക്കൻ ബകവധം എന്നീനാലെണ്ണമാണല്ലോ. ഈ കൃതികളിലുള്ള

" മാതംഗാനനമബ്ജവാസരമണീം
ഗോവിന്ദമാദ്യം ഗുരും
വ്യാസം പാണിനിഗൎഗ്ഗനാരദകണാ-
ദാദ്യാൻ മുനീന്ദ്രാൻ ബുധാൻ
ദുൎഗ്ഗാം ചാപി മൃദംഗശൈലനിലയാം
ശ്രീപോൎക്കലീമിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദി നഃ
കുൎവ്വന്ത്വമീ മംഗളം ".

"അസ്തി സ്വഹസ്താർജിതവീൎയ്യധാമ്നാം
ശാസ്താ ഹരിശ്ചന്ദ്ര കുലോദ്ഭവാനാം
പൃഥ്വീപതീനാം പുരളീതി നാമ്നാ
പുരീ പുരാരാതിനിഷേവകാണാം."

"ശ്രീമാനനൎഘഗുണശാലിതയാ നൃപാണാം
ഭൂഷായിതോ നിജകരാത്തസമസ്തതേജാഃ
കാമപ്രദാനജിതകല്പമഹീരുഹസ്സ
ചിന്താമണിർ ജയതി കേരളവൎമ്മനാമാ"

എന്നുള്ള വന്ദനശ്ലോകങ്ങളിൽ നിന്നും കവി കേരളവൎമ്മരാജാവിന്റെ അനുജനാണെന്നും, കവിയുടെ ഇഷ്ടദേവത മൃദംഗശൈലനിവാസിനിയായ ശ്രീപോൎക്കലീ ഭഗവതിയാണെന്നും, താൻ ഹരിശ്ചന്ദ്രപ്പെരുമാളുടെ വംശജാതനാണെന്നും, ആദ്യത്തെ ആചാര്യൻ ഗോവിന്ദാഭിധേയനാണെന്നും രാജധാനി പ്രശസ്തമായ പുരളിയാണെന്നും സ്പഷ്ടമാണ്. വാൽമീകിരാമായണപരിഭാഷയായ കേരളവൎമ്മരാമായണത്തിൽ കവി തന്റെ തലസ്ഥാനമായ പുരളീപുരിയെപറ്റിയും പറയുന്നു.

"പുരളീജനപദഖരളീഭുവി കളി—
ച്ചുരുളീടിന ശിവൻ കരളിലിരുന്നെന്റെ"

സുപ്രസിദ്ധനായ ഈ കേരളവൎമ്മരാജാവല്ലാതെ കോലസ്വരൂപ രാജവംശത്തിൽ വേറൊരു കേരളവൎമ്മയേയും ഭാഷാകവിയായി ഇതുവരെ കേട്ടിട്ടില്ലാത്തസ്ഥി

തിക്കു്, ഈ കേരളവമ്മയെതന്നെയാണു് കോട്ടയത്തുതമ്പുരാൻ സ്തുതിച്ചിരിക്കുന്നതു് എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

കോട്ടയത്തു തമ്പുരാക്കന്മാൎക്കു് 'പുരളീശപരന്മാർ' എന്നൊരപരനാമധേയം കൂടി കാണുന്നുണ്ടു്. കോലത്തുനാട്ടിൽ പുരളിയെന്നൊരു മലയുണ്ടെന്നും അവിടെ ഒരു കോട്ടയും ഒരു ക്ഷേത്രവും ഉണ്ടെന്നും ഭാഷാചരിത്രകാരനായ മി: ഗോവിന്ദപ്പിള്ള അവർകൾ അഭിപ്രായപ്പെട്ടുകാണുന്നു. ഈ കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം കോട്ടയം തമ്പുരാന്റെ ജ്യേഷ്ഠനെന്നു പറയപ്പെടുന്ന കേരളവമ്മരാമായണ കൎത്താവായ വീരകേരളവമ്മ കൊ: വ: 858-ാമാണ്ടു് മുകിലാക്രമണത്തിൽ നിന്നും തിരുവിതാംകൂറിനെ രക്ഷിച്ച യുദ്ധവിദഗ്ദ്ധനാണെന്നു തീൎച്ചപ്പെടുത്താം. തന്മൂലം അദ്ദേഹത്തിന്റെ ജീവിതകാലത്തെ അടിസ്ഥാനപ്പെടുത്തി സഹോദരനും ആട്ടക്കഥാ കൎത്താവുമായ കോട്ടയത്തു കേരളവമ്മ തമ്പുരാന്റെ ജീവിതകാലം 840-നും,900-നും മദ്ധ്യേയാണെന്നു് ഊഹിക്കുന്നതിൽ തെററില്ല.

കൂടാതെ മേൽക്കാണിച്ചിട്ടുള്ള ശ്ലോകത്തിലെ ഹരിശ്ചന്ദ്രപ്പെരുമാളാണത്രേ കേരളത്തിൽ ആദ്യമായി 'കൌമാരിലമതം' നടപ്പാക്കിയതു്. കോട്ടയം രാജധാനിയെപ്പററി ഉദ്ദണ്ഡശാസ്ത്രികൾ തന്റെ കോകിലസന്ദേശത്തിൽ വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

"ഇത്ഥം ഭക്ത്യാ പുരമഥന-
മാരാദ്ധ്യ ലബ്ധപ്രസാദഃ
കൃഷ്ണഃ കൃഷ്ണഃ പഥി പഥി സഖേ
കേരളീനാം കടാക്ഷൈഃ
ഉച്ചൈരുച്ചൈരുഡുഗണഗതി-
ത്തുൎദ്ധ്വമത്സാരയന്തീം
ഫുല്ലാരാമാം പ്രവിശ പുരളീക്ഷ്മാ
ഭൃതാം രാജധാനീം".

"യേഷാം വംശേ സമജനി
ഹരിശ്ചന്ദ്രനാമാ നരേന്ദ്രഃ
പ്രത്യാപത്തിഃ പതഗ യദ്ഗ-
പജ്ഞഞ്ച കൌമാരിലാനാം
തേഷാമേഷാം സ്തുതിഷു ന ഭവേൽ
കസ്യ വക്ത്രം പവിത്രം
യുദ്ധേ യേഷാമഹിതഹതയേ
ചണ്ഡികാ സന്നിധത്തേ".

അവസാനത്തെപ്പെരുമാളായ ഭാസ്കരരവിവമ്മർപ്പെരുമാളുടെ പിതാമഹനാണു് ഹരിശ്ചന്ദ്രപ്പെരുമാളെന്നും അദ്ദേഹത്തിനു രണ്ടു പുത്രന്മാരുണ്ടായിരുന്നതിനാൽ ജ്യേഷ്ഠനായ കുലശേഖരപ്പെരുമാളാണു് അച്ഛനുശേഷം കേരളം ഭരിച്ചതെന്നും കോട്ടയത്തു രാജവംശം അനുജന്റെ സന്തതി പരമ്പരയാണെന്നും 'ആററൂരിന്റെ' തിരുവിതാംകൂർ ചരിത്രം ഉദ്ഘോഷിക്കുന്നു.

"കേളീയാനക്വണിതരശനാ
കോമലാഭ്യാം പദാഭ്യാം
ആളീഹസ്താൎപ്പിതകരതലാ തത്ര
ചേദാഗതാ സ്യാൽ
സ്വാതിർ നാമ ക്ഷിതിപതിസുതാ
സേവിതും ദേവമസ്യാഃ
സൈ്വരാലാപൈസ്തവ പികഗിരാം
കാപി ശിക്ഷാ ഭവിത്രീ.

എന്നിങ്ങനെ രാജപുത്രിയായ സ്വാതി തിരുനാളിനെ സന്ദേശത്തിൽ വൎണ്ണിച്ചിരിക്കുന്നതുകൊണ്ടു് കോട്ടയം രാജവംശം അക്കാലത്തു മക്കവഴിയായിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

കോട്ടയത്തു തമ്പുരാൻ തന്റെ കൃതികളായ കിൎമ്മീരവധം, കാലകേയവധം,

കല്യാണസൌഗന്ധികം, ബകവധം, എന്നീകഥകൾ ഭാരതത്തിലെ ആരണ്യപർവ്വത്തിൽ നിന്നും എടുത്തിട്ടുള്ളവയാകുന്നു. ഇതിൽ പിന്നീട് ഏതു തരത്തിലുള്ള പുരാണകഥയും ആട്ടക്കഥയ്ക്കു വിഷയമായി കവികൾ യഥേഷ്ടം അംഗീകരിച്ചു കാണുന്നു. സാഹിത്യത്തിൽ ഒട്ടും പിന്നോക്കമല്ലാതെ സംഗീതത്തിൽ വേണ്ടത്ര വൈചിത്ര്യം അംഗീകരിച്ചു സർവ്വോപരി ആട്ടത്തിനു ശ്രേഷ്ഠതരങ്ങളായ ചിട്ടകളോടുകൂടിയവയാണു കോട്ടയം കൃതികൾ നാലും. ബകവധം ഏററവും ലളിതവും, കിമ്മീരവധം വീരരസപ്രധാനവും, കല്യാണസൌഗന്ധികം ശൃംഗാരരസമയവും, കാലകേയവധം ആടുന്നതിനുത്തമവും ആണെന്നുള്ളതു് സർവ്വസമ്മതമാണ്.

സംസ്കൃതത്തിൽ അസാമാന്യപാണ്ഡിത്യം സിദ്ധിച്ചിരുന്ന ഇദ്ദേഹത്തിന്റെ കൃതികളെ കവിതാഗുണമനുസരിച്ചു വിഭജിക്കുന്നതായാൽ ഏത്രയും താണതു ബകവധവും, അതില്പരം ഭംഗികൂടിയതു് കല്യാണസൌകന്ധികവും, അതിലും മെച്ചമേറിയതു കിമ്മീരവധവും, സർവ്വോപരി കവിതാഗുണം നിറഞ്ഞതു കാലകേയവധവുമാണ് എന്നു സ്പഷ്ടമാണ്. ഇതിൽ ബകവധം ആദ്യത്തേയും കാലകേയവധം അവസാനത്തേയും കൃതികളാണെന്ന് ഊഹിക്കാം. സന്ദർഭോചിതമായ അർത്ഥാലങ്കാരപ്രയോഗം കവിക്കു സുകരം തന്നെ എന്ന് ഈ കൃതികളിൽ നിന്നും മനസ്സിലാകുന്നുണ്ട്. ഈ കൃതികളിൽ ഉപയോഗിച്ചിരിക്കുന്ന മണിപ്രവാളരീതി അക്കാലത്തു നടപ്പുണ്ടായിരുന്ന വിധത്തിൽ സംസ്കൃതഭാഷയ്ക്കു പ്രാധാന്യം കല്പിച്ചും സംസ്കൃത വ്യാകരണമനുസരിച്ചും ഉള്ളതാണ്. കഥകളി ഗ്രന്ഥങ്ങളിൽ പ്രായേണ ശ്ലോകങ്ങൾ സംസ്കൃതവും പദങ്ങൾ മണിപ്രവാളവും എന്നാണു രീതി.

കാലകേയവധത്തിൽ, അർജ്ജുനന്റെ സുകുമാരശരീരലാവണ്യപീയൂഷം നുകന്നു ഉന്മത്തരായ ദേവാംഗനകൾ മതിമറന്നു വശാകുന്നു.

തുംഗാദസൌധവിപുലഹർമ്മ്യാദിറങ്ങി
പല ശൃംഗാടകേ ഖലു വിളങ്ങീ;
വിജയനുടെ ഭംഗി വിരവിനോടു പൊങ്ങീ;
അഖിലസുരയുവതിജന മദനശര വിവശതയൊടതി കുതുകവാരിധിയിൽ മുങ്ങി;
അംഗീകരിച്ചു ചിലർ സംഗീതരീതി
ചിലർ
ശൃംഗാരചേഷ്ടകൾ തുടങ്ങീ; ചിലർ മതി
മയങ്ങീ;
ചിലർ തല വണങ്ങീ;അതുപൊഴുതു വിജയനുടെ രൂപഗുണമാലോക്യ കുഹചിദപി കുസുമശരനൊതുങ്ങി;
ഉദ്യോഗമാന്നു നിരവദ്യാംഗിമാർ ചിലർ
സുരോദ്യാനസീമനി നടന്നു;
കൌതുകമിയന്നു;
കാമിനികളന്നു കുസുമനിര പരിചിനൊടി
രുത്തു നിജകചമതിലണിഞ്ഞു
ബത ശോഭ തടവുന്നു.
പൂന്തേൻ നുകന്നു ചില കാന്താജനങ്ങൾ
നിജകാന്താനഹോ ബത മറന്നു; മന്ദതയു
മന്നു ചിന്തയിലകന്നു; ചിന്നുമൊരു
ചന്തമൊടു ബന്ധുരതരാംഗികളും
ആഹന്ത നൃത്തം തുടർന്നു.

ഇപ്രകാരം ലളിതകോമളപദാവലികളെ കൂട്ടിയിണക്കി വികാരോദ്ദീപകമാക്കിച്ചമയ്ക്കുന്നതിന് പര്യാപ്തമായ ഈ ദണ്ഡകശകലം ഭാഷാദേവിയെ ഉപാസിക്കുന്നതിന് കോട്ടയത്തു തമ്പുരാൻ ഉപ

യുക്തമാക്കിയ അനഘകസുമങ്ങളിൽ ഒന്നു മാത്രമാണ്.

പാശുപതാസ്ത്രവാഹിയായ കിരീടിയും അസുരേശ്വരനായ വജ്രകേതുവും തമ്മിലുള്ള വാക്സമരത്തിൽ, അർജ്ജുനന്റെ

"സജ്ജനങ്ങളോടതിക്രമം
നിരന്തരേണ ചെയ്യു
ദുർജ്ജനങ്ങളെ ഹനിക്കുമർജ്ജുനനഹം;
നിർജ്ജരാരിവരരേ നിങ്ങൾ
നിശ്ചയം രണാങ്കണത്തിൽ
നിർജ്ജിതാഹിദീർഘനിദ്രയെ
ലഭിച്ചിടും.

എന്നുപ്രകാരമുള്ള വചനങ്ങൾക്കു് വജ്രകേതു

"ഈടെഴും വിപാഠക്രൂട
പാടിതാംഗനായ് ഗിരീന്ദ്ര-
കൂടമെന്നപോലെയിവിടെ
വീണിടും ഭവാൻ
വിടപിപടലമുടനെ
പൊടിപെടുത്തിടുന്ന വായു
തന്റെ പടുത ഝടിതി
പർവ്വതങ്ങളോടു കൂടുമോ?

എന്നു സമാധാനം പറയുന്നു. ഈ പാദങ്ങളിൽ നിന്നും കവിയുടെ പദസ്വാധീനം ഭംഗിയായി മനസ്സിലാക്കാം.

"സവ്യസാചി സമരേ ഹനിച്ചു
സകലാമരാരിനിവഹം തദാ
ദിവ്യനാരികളെ വേർപെടുത്തധിക
സങ്കടാദമിത വിക്രമൻ
നവ്യയാകിയ ജയശ്രീയാ സഹ
നനാമ വജ്രിണമുദാരധീ-
ഹവ്യവാഹമുഖസർവ്വദേവഗണസേവ്യ-
മാന ചരണാംബുജം"

"സാർവ്വഭൂജനമണിഞ്ഞിടുന്ന മണി-
മൌലിയിൽ ഖജിതരത്നമാം
ഉർവ്വശീ തദനു മന്മഥേന ഹി
വശീകൃതാപി വിവശീകൃതാ
ശർവ്വരീശകുലഭൂഷണം യുവതി
മോഹനം ധവളവാഹനം
പാർവ്വണേന്ദുമുഖി പാണ്ഡുസൂനു
മഭിവീക്ഷ്യ ചൈവമവദീത് സഖീം"

എന്നിങ്ങനെയുള്ള പദാനുപ്രാസതരളവും ശബ്ദാലങ്കാര രുചിരവും ആയ ശ്ലോകങ്ങളിൽ നിന്നും കവി സുലളിതങ്ങളായ സംസ്കൃത പദപ്രയോഗത്തിൽ അതിസമർത്ഥനാണെന്നു തെളിയുന്നുണ്ടു്. അപ്സരഃസുന്ദരീപ്രമുഖയായ ഉർവ്വശി യുവതിമോഹനനായ വിജയനെക്കണ്ടു് മന്മഥ പരവശയായിത്തീർന്നിട്ടു്, സഹനശക്തിയില്ലാത്തവളായി, തോഴിയോടു പറയുന്നു.

"ചില്ലീയുഗളമതു വില്ലോടു
തുല്യമാകുന്നല്ലോ;
പല്ലോ ചാരുമൗക്തികക്കല്ലോ,
മന്മഥകീർത്തി-
ത്തെല്ലോ; മുല്ലമുകുളമോ;
മുകുരശകലമോ;
നല്ലോരുപമ ചൊല്ലു-
വതിനിഹ നഹി
മല്ലമിഴികൾ മണിമകുട
രത്നമേ !.........

ഇപ്രകാരമുള്ള വാക്കുകൾകേട്ടു തന്റെ ഇഷ്ടതോഴിക്കു വിജയനെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗം ഉപദേശിക്കുന്നു.

"രഹസി തദരികേ നീ ചെല്ലു;
നിജപരവശമവനൊടു ചൊല്ലു;-
മന്ദഹസിതമധു തൂകുന്നേരം,
സുന്ദരി തവ വശനാകും;
പരിമളമുള്ളതിലല്ലോ
മധുകരനികരം ബത ചെല്ലൂ".

ഇതിൽ നിന്നും കവി ലൌകികജീവിത രഹസ്യങ്ങൾ മുഴുവൻ മനസ്സിലാക്കിയിട്ടുണ്ടെന്നു വ്യക്തമാകുന്നുണ്ടു്.

# നിഴൽപ്പരപ്പ്

(മൂഴിക്കുളം രാമൻപിള്ള)

എത്രമുന്നോട്ടു പോകിലും കണ്മുന-
യെത്തിടാത്തൊരിരുട്ടെന്തു ജീവിതം !
നിത്യവും മനം നീറവും നിരാശ തൻ
ഭൃത്യവർഗ്ഗങ്ങളെൻ പരിപാടികൾ,
എത്തിനോക്കുവാൻ പോലുമശക്തര-
പ്രത്യയസൗധസൗഭാഗ്യ സീമയിൽ
അത്യനർഘമിത്താരുണ്യ മുണ്ണുവാൻ,-
ഹൃദ്യരാഗമുണർന്നെഴുനേൽക്കുവാൻ,-

---

മന്മഥബാണമേററഴലുന്ന ദേവാംഗനയു-
അരിവരനിരകളെ അരനിമിഷേണ [ടെ
അരുതി പെടുത്തുന്നതിലതിനിപുണ;
ശരണാഗതജനപാലനകർമ്മം
കരുണാസാഗര തവ കുലധർമ്മം
സപദി വിരചയ വിജയ പരിരംഭം
സഫലയ വിരവൊടു മമ കുചകുംഭം ;
കുരുവര തരിക തവാധരബിംബം
അരുതരുതതിന്നിനി കാലവിളംബം;
വില്ലൊടുസമരുചി തടവീടും തേ
ചില്ലികൾ കൊണ്ടുയി തല്ലീടരുതേ;
കുരു കരപല്ലവമുരസിജയുഗളേ
കുരുവര! യുവജന മാനസനിഗളേ?
രതിപതിസമ തവ കലയേ കർണ്ണൂ
രതിക്രൂജിത സുധയാ പരിപൂർണ്ണൂ;
നിർവ്വാപയ മധുരാധരമധുനാ
ദ്വാരം മദനാലനമധുനാ!’’

എന്നുള്ള വികാര തരളിതമായ അപേക്ഷയ്ക്കു് അർജ്ജുനന്റെ സമാധാനം നോക്കുക.

‘‘ഹംസങ്ങളംബുജനാളങ്ങളെന്നിയേ
ശൈവലം മോഹിക്കുമോ, പിന്നെ ഹന്ത
കരിണീ ഹരിണത്തെ യാഗ്രഹി
ച്ചീടുമോ ചൊല്ലീടു നീ
പരിഹാസമായി വന്നുകൂട്ടും മനുജന്മാരിൽ
ആഗ്രഹം ഇന്നു തവ, ആഹാ മതിഭ്രമമെന്നു
വന്നു തവ നല്ലതല്ലേതുമഹോ വൃഥാവലെ’’

ഈവിധത്തിലുള്ള അപേക്ഷകൾ കേട്ടു ഒന്നിനും വഴിപ്പെടാതെ നിൽക്കുന്ന അർജ്ജുനനോട്.

‘‘അല്ലൽ പെരുകി വലയുന്ന ഞാനതി-
നില്ലയോ കരുണ തെല്ലുമേ
കല്ലിനോടു തവ തുല്യമോ ഹൃദയം-
ഇല്ലതിന്നു ബത സംശയമധുനാ’’

എന്നുപറയുന്ന ഭാഗങ്ങൾ എത്രകണ്ടു അർത്ഥമസൃണങ്ങളാണെന്നു ശ്രദ്ധിക്കുക. ഇപ്രകാരം കാലകേയവധം മുഴുവൻ പരിശോധിക്കുന്നതായാൽ ഭാഷാദേവിയുടെ കണ്ഠാലങ്കാരമായി പ്രശോഭിക്കുന്ന അനേകമനേകം ശബ്ദാർത്ഥാലങ്കാര തരളിതങ്ങളായ കവനതല്ലജങ്ങൾ സുലഭങ്ങളാണെന്നു ബോദ്ധ്യമാകും.

(തുടരും)

വിത്തലോലുപർ തൻ മുന്നിലാശതൻ
വിത്തിടുന്നു ഹൃദയം വിപൽപ്രദം.
പാഴ്മരങ്ങൾ പോൽ പാതയിൽ നിന്നിടും
പാമരന്മാർ—പണത്തിനിണങ്ങുവോർ,
പാതിരാക്കോഴിപോലെ ധർമ്മാഗമ-
ഗീതിയാൽ സുഖനിദ്ര ഹനിക്കവേ,
നിഷ്കളങ്കമെൻ നിത്യപ്രരോദനം
ശുഷ്കഭൂവിൽ പതിക്കയാണുത്തമം!
ജീവിതത്തിൻ പ്രണയപതാകയി-
ബ്ഭൂവിലല്പമുയർത്തിപ്പിടിക്കുവാൻ,
ഭാവുകത്തെ പ്രതീക്ഷിച്ച സാധുവിൻ
ഭാവിപാരതന്ത്ര്യത്തിൽ ഞെരുങ്ങണം!
ഒട്ടു മുന്നോട്ടു നീങ്ങാൻ ശ്രമിക്കുകിൽ
തട്ടുവാനുണ്ടസൂയയ്ക്കൊരാഗ്രഹം
ഒത്തുചേർന്നൊന്നു വിശ്രമിച്ചീടുകി-
ലൊക്കുകില്ലതു കാണാനുലകിനും
ആർദ്രചിത്തനായാരെയോ കാത്തു ഞാ-
നദ്ധ്വഗൻ നടന്നീടിലവിടെയും
അത്ഭുതം പിൻതുടരുന്നു, ജീവിത-
മക്രമിക്കും നിരാശ തന്നായുധം!
പല്വലത്തിൽ പതിച്ച കാൽ രണ്ടുമ-
പ്പുല്ലിനാഹാരലേശമരുളുവാൻ,
തെല്ലയന്നാൽ സഹിക്കില്ല പാടത്തിൽ
നെല്ലു കാക്കും ധനികനു കാണുവാൻ.
എങ്ങുപോകിലുമയ്യോ മന, മല-
ഞ്ഞങ്കിതാതങ്ക മിങ്ങു മടങ്ങിടും
മംഗലോദയ സന്ദർശനോത്സുക-
മന്തരംഗമേ മാഴ്കൊല്ലൊരിക്കലും
ആദരിക്കുമകൈതവമൊക്കെ, ഹൃൽ-
സാദഹേതുവായ് തീർക്കും ധനികതേ!
ആദരിക്കുകം വിട്ടുവന്നീടിലോ
മോദമാണു ദയാർദ്രികാണാം സഖേ!